# കൊച്ചി നഗരസഭ

# ബജറ്റ് പ്രസംഗം 2007 – 2008

ആരാധ്യയായ മേയർ, ബഹുമാന്യരായ സഭാംഗങ്ങളേ, ഉദ്യോഗസ്ഥരെ, മാധ്യമ പ്രതിനിധികളേ, സുഹൃത്തുക്കളേ,

പൂക്കാത്ത മോഹങ്ങളെ പൂവണിയിക്കാൻ, വിരിയാത്ത സ്വപ്നങ്ങളെ വിരിയിക്കാൻ കൊച്ചി പൗരാവലിയുടെ പ്രതീക്ഷകൾക്ക് പുതിയ തുടിപ്പേകി ജവഹർലാൽ നെഹ്റു നഗരനവീകരണ പദ്ധതിയും, സുസ്ഥിര നഗരവികസന പദ്ധതിയും യാഥാർത്ഥ്യമായി.

യാത്രാ ക്ലേശം പരിഹരിക്കാൻ മെട്രോ റെയിൽ നടപ്പാവുന്നു. സബ് അർബൻ റെയിൽവെ നടപ്പിലാക്കുന്നതിന് ഇച്ഛാശക്തിയോടെ സംസ്ഥാന ഗവൺമെന്റ് കേന്ദ്രത്തിനുമേൽ കനത്ത സമ്മർദ്ദങ്ങൾ ചെലുത്തുന്നു.

കൊച്ചി വളരുകയാണ്. അന്താരാഷ്ട്ര പ്രശസ്തി നേടി കൊച്ചി വളരുന്നു. വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ ബർത്ത്, എൽ.എൻ.ജി. ടെർമിനൽ, റിഫൈനറിയുടെ സിംഗിൾ പോയിന്റ് മൂറിങ്ങ് പദ്ധതി, സ്മാർട്ട് സിറ്റി, സ്വതന്ത്ര വ്യാപാര മേഖല, മറീന പദ്ധതി തുടങ്ങി കൊച്ചിക്കു ചുറ്റും അനന്തകോടി രൂപയുടെ നിക്ഷേപങ്ങൾ വരികയാണ്. വികസനത്തിന്റെ അനന്ത സാദ്ധ്യതകൾ പ്രയോജനപ്പെടുത്താൻ കേന്ദ്ര കേരള ഗവൺമെന്റുകൾ മുന്നോട്ടു വന്നിരിക്കുന്നു എന്നത് കൃതജ്ഞതയോടെ സ്മരിക്കുന്നു.

കേരളത്തിൽ നിന്നും കേന്ദ്ര ഗവൺമെന്റിനു ലഭിക്കുന്ന നികുതി വരുമാനത്തിന്റെ 60% വും സംസ്ഥാന സർക്കാരിന്റെ മൊത്ത വരുമാനത്തിന്റെ 60% വും കൊച്ചി നഗരത്തിൽ നിന്നുള്ളതാണ്.

കൊച്ചി തുറമുഖം, ദക്ഷിണേന്ത്യയിലെ ഏറ്റവും വലിയ നാവിക കേന്ദ്രം, 'ഐലന്റ് –എറണാകുളം – സൗത്ത് – നോർത്ത്– ഇടപ്പള്ളി' റെയിൽവെ കേന്ദ്രങ്ങൾ, ബി.എസ്.എൻ.എൽ. തുടങ്ങി സർക്കാരിന്റെ നിയന്ത്രണത്തിലുള്ള അനവധി സ്ഥാപനങ്ങളിവിടെ സ്തുത്യർഹമാം വിധം പ്രവർത്തിക്കുന്നു.സംസ്ഥാന സർക്കാരിന്റെ നിരവധി സ്ഥാപനങ്ങളും ഇവിടെ പ്രവർത്തിക്കുന്നു. അമ്പലമേട്, ഇരുമ്പനം, തൃക്കാക്കര, ആലുവ, കളമശ്ശേരി, ഏലൂർ തുടങ്ങിയ വ്യവസായ മേഖലകളും, അന്താരാഷ്ട്ര വിമാനത്താവളവും, വാണിജ്യമേഖലയും കൊച്ചി നഗരത്തിന്റെ പശ്ചാത്തല സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി വളരുകയാണ്. സംസ്ഥാനത്തെ ഏറ്റവും പ്രധാനപ്പെട്ട സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളും, സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളും, ഷോപ്പിങ്ങ് മാളുകളും ജ്വല്ലറികളും ടെക്സ്റ്റൈൽ സ്ഥാപനങ്ങളും ഈ നഗരത്തിൽ നിന്ന് ഊർജ്ജം സ്വീകരിച്ച് വളരുന്നു.

അതിമനോഹരിയായ നമ്മുടെ കൊച്ചു കൊച്ചി അന്താരാഷ്ട്ര നഗരമായി വളരുമ്പോഴും നഗരത്തിന്റെ വരുമാനം വർദ്ധിക്കുന്നില്ല. ഇൻകം ടാക്സിന്റേയും സെയിൽസ് ടാക്സി

ന്റേയും ഒരു ശതമാനമെങ്കിലും നഗരസഭയ്ക്ക് നൽകണമെന്ന ആവശ്യത്തിന് പതിറ്റാണ്ടുകളുടെ പഴക്കമുണ്ട്. കൊച്ചി തുറമുഖത്തിന്റെ വരുമാനത്തിന്റെ ഒരു നിശ്ചിത ശതമാനം നഗരസഭയ്ക്കു ലഭിക്കേണ്ടതാണ്. കേന്ദ്ര ഗവൺമെന്റ് സ്ഥാപനങ്ങൾ നഗരസഭയുടെ പശ്ചാത്തല സൗകര്യങ്ങൾ ഉള്ളതുകൊണ്ട് ഇവിടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണ്. അതുകൊണ്ട് തന്നെ അർഹമായ സർവീസ് ടാക്സ് നൽകാനുള്ള ബാധ്യതയുണ്ട്.

നഗരസഭയുടെ സ്ഥിര വരുമാനത്തിൽ പ്രധാനമായിരുന്ന സിനിമ തിയേറ്ററുകളുടെ വിനോദ നികുതി സർക്കാർ കുറവ് ചെയ്തതു മൂലം 48% പ്രതിവർഷം കുറവ് സംഭവിച്ചിരിക്കുന്നു. ഇതിന് പുറമെ നഗരത്തിൽ നടക്കുന്ന ചില സിനിമകൾ, ക്രിക്കറ്റ്, ഫുട്ബോൾ, വമ്പൻ കലാപരിപാടികൾ എന്നിവയ്ക്കെല്ലാം സർക്കാർ ഏകപക്ഷീയമായി നികുതി ഒഴിവാക്കുന്നതു മൂലം ലക്ഷക്കണക്കിന് രൂപയുടെ കുറവ് വരുന്നു.

നഗരത്തിൽ രജിസ്റ്റർ ചെയ്യുന്ന വാഹനങ്ങളുടെ എണ്ണവും, റോഡുകളുടെ നീളവും, വീതിയും കണക്കാക്കി ഇക്കാലമത്രയും നഗരസഭയ്ക്ക് ലഭിച്ചുപോന്ന വെഹിക്കിൾ ടാക്സ് കോമ്പൻസേഷൻ കഴിഞ്ഞ രണ്ടര വർഷങ്ങളായി സർക്കാർ നൽകുന്നില്ല. മൂന്നുമാസം കൂടുമ്പോൾ കൃത്യമായി സർക്കാർ നൽകിക്കൊണ്ടിരുന്ന സ്റ്റാമ്പ് ഡ്യൂട്ടി വിഹിതവും നിർത്തലാക്കി.

രണ്ടാം ധനകാര്യ കമ്മീഷന്റെ ശുപാർശപ്രകാരം സർക്കാർ പ്രഖ്യാപിച്ച മെയിന്റനൻസ് ഗ്രാന്റിന് സർക്കാർ ഉപാധി വച്ച് തരികയും, നഗരസഭയോട് ആലോചിക്കാതെ മെയിന്റനൻസ് ഗ്രാന്റിൽ നിന്നും ഫണ്ട് പിരിച്ച് സർക്കാർ വാട്ടർ അതോറിറ്റിക്കും മറ്റും കൊടുക്കുന്നു. അനുവദിക്കുന്ന ഗ്രാന്റ് വിഹിതം സർക്കാർ തിരിച്ച് പിടിക്കുന്നു. 9–ാം പദ്ധതിയുടെ ആരംഭം മുതൽ ഓരോ വർഷവും പദ്ധതി വിഹിതം വർദ്ധിപ്പിച്ച് നൽകിയിരുന്നുവെങ്കിലും കഴിഞ്ഞ അഞ്ച് വർഷങ്ങളായി പദ്ധതി വിഹിതത്തിൽ വർദ്ധനയില്ല. 1998നു ശേഷം പ്രോപ്പർട്ടി ടാക്സ് വർദ്ധിപ്പിക്കുന്നത് സർക്കാർ തടഞ്ഞു വച്ചിരിക്കുകയാണ്. വസ്തു നികുതി, തൊഴിൽകരം, ഡി ആന്റ് ഒ ലൈസൻസ് എന്നീ ഇനങ്ങളിലായി 29,47,88,044 രൂപയാണ് പോയ വർഷം ലഭിച്ചിട്ടുള്ളത്. ആകെ വരുമാനത്തിന്റെ 55% വും 1422 ജീവനക്കാരുടെ ശമ്പളത്തിന് വേണം. മാറി വരുന്ന പുതിയ വികസന സാഹചര്യങ്ങൾക്കനുസരിച്ച് കൊച്ചി നഗരത്തെ പുതുക്കി പണിയുന്നതിന് പുതിയ വരുമാന മാർഗ്ഗം കണ്ടെത്തിയേ തീരൂ. അതിനുള്ള ക്രിയാത്മകമായ നിർദ്ദേശങ്ങൾ ബഹുമാന്യരായ അംഗങ്ങളുടെ ഭാഗത്തുനിന്നും പ്രതീക്ഷിക്കുന്നു.

ഭാരതത്തിലെ ആഭ്യന്തര ഉൽപ്പാദനത്തിന്റെ 50–55%വും സംഭാവന ചെയ്യുന്നത് ജനസംഖ്യയിൽ 30% വരുന്ന നഗരവാസികളാണ്. അതേ സമയം ഭൂരിപക്ഷം പട്ടണങ്ങളും പശ്ചാത്തല സൗകര്യങ്ങളുടെ അപര്യാപ്തതമൂലം ശ്വാസം മുട്ടുന്നവയാണ്. ഈ സാഹചര്യത്തിലാണ് സാമ്പത്തിക സുസ്ഥിരതയോടെ നിലവിലുള്ള സേവനങ്ങൾ മെച്ചപ്പെടുത്താൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് നഗരത്തെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ ജവഹർലാൽ നെഹ്റു അർബൻ റിന്യൂവൽ മിഷൻ കേന്ദ്ര സർക്കാർ രൂപീകരിച്ചത്. നഗര പുനരുദ്ധാരണത്തിന് കേന്ദ്ര നഗര വികസന മന്ത്രാലയം തിരഞ്ഞെടുത്തിട്ടുള്ള 63 നഗരങ്ങളിൽ നമ്മുടെ കൊച്ചിയും ഉൾപ്പെടുന്നു. കൊച്ചി നഗരത്തെ ജെ.എൻ.എൻ.യു.ആർ.എം.ൽ

ഉൾപ്പെടുത്തിയ കേന്ദ്ര സർക്കാരിനോടും, നഗര വികസന മന്ത്രാലയത്തോടും, പ്രധാനമന്ത്രി യുടെ പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. ഗോപാലകൃഷ്ണനോടും കൊച്ചി പൗരാവലിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

സംസ്ഥാന ഗവൺമെന്റ് യഥാസമയം തീരുമാനങ്ങൾ എടുക്കാതിരുന്നതു കൊണ്ട് ഏഴ് വർഷത്തെ പദ്ധതിയിൽ കേരള നഗരങ്ങൾക്ക് ഒരു വർഷം നഷ്ടമായെങ്കിലും, പുതിയ വി .എസ് ഗവൺമെന്റ് ഇച്ഛാശക്തിയോടെ അതിവേഗത്തിൽ ഇടപെടുകയും, മുഖ്യമന്ത്രി ചെയർ മാനായ സ്റ്റിയറിംഗ് കമ്മിറ്റി രൂപീകരിച്ച് കെ.എസ്.യു.ഡി.പി. യെ ചുമതലയേൽപ്പിച്ച് ഫലപ്രദമായ നടപടികൾ സ്വീകരിച്ചതുകൊണ്ടാണ് നമുക്ക് ജെ.എൻ.എൻ.യു.ആർ.എം. യാ ഥാർത്ഥ്യമാക്കാൻ കഴിഞ്ഞത്. ഈ സാമ്പത്തിക വർഷത്തേക്കാവശ്യമായ പദ്ധതി വിഹിതം (196 കോടി രൂപ) സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നു. 13 ഗ്രാമ പഞ്ചായത്തു കളും, രണ്ട് മുനിസിപ്പാലിറ്റികളും, കൊച്ചി കോർപ്പറേഷനുമടങ്ങുന്ന കൊച്ചിയിലെ പൗരാ വലിയുടെ പേരിൽ കേരള ഗവൺമെന്റിനുള്ള നന്ദി അറിയിക്കാൻ ഈ അവസരം വിനിയോ ഗിക്കുന്നു.

കൊച്ചി താനെ വളർന്ന നഗരമാണ്. ഫോർട്ടുകൊച്ചി മുനിസിപ്പാലിറ്റിയും – വെല്ലിങ്ങ് ടൺ ഐലന്റുമാണ് പഴയ കാലത്തുതന്നെ ശാസ്ത്രീയ കാഴ്ചപ്പാടോടെ പ്ലാൻ ചെയ്ത നഗര പ്രദേശങ്ങൾ. കൊച്ചി കോർപ്പറേഷൻ രൂപംകൊണ്ടതോടെ ഫോർട്ടുകൊച്ചിയുടെ ഭാഗങ്ങളി ലും മാസ്റ്റർപ്ലാനിന്റെ അഭാവം നല്ലതുപോലെ ദർശിക്കാനാവും. കൊച്ചിയുടെ ശാപമായി പെരുകുന്ന കൊതുക്, വെള്ളക്കെട്ട്, മാലിന്യകൂമ്പാരങ്ങൾ, ഗതാഗതകുരുക്ക്, തോട് –റോഡ് കയ്യേറ്റങ്ങൾ, ചേരികൾ തുടങ്ങി ആസൂത്രിത നഗരവികസനത്തിലെ പോരായ്മകൾ എത്ര വേണമെങ്കിലുമുണ്ട്. ഈ ദൗർബല്യങ്ങൾ തിരിച്ചറിഞ്ഞ് കഴിഞ്ഞ കൗൺസിൽ അന്നത്തെ മേയർ ശ്രീ. സി.എം. ദിനേശ് മണിയുടെ നേതൃത്വത്തിൽ ഇച്ഛാശക്തിയോടെ ഒറ്റക്കെട്ടായി നടത്തിയ ശ്രമങ്ങളുടെ ഫലമായി പുതിയ മുനിസിപ്പാലിറ്റീസ് ആക്ടിന്റെ അടിസ്ഥാനത്തിൽ കൊച്ചി നഗരത്തിന് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് 2004 ഡിസംബർ 31ന് മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി വിളിച്ചുകൂട്ടിയ പ്രത്യേക യോഗത്തിൽവച്ച് സർക്കാർ അനുമതി നൽകുകയു ണ്ടായി.

നഗരത്തിലെ പൗരമുഖ്യരേയും, വിദഗ്ദ്ധന്മാരേയും വിളിച്ചുകൂട്ടി തുടർച്ചയായി സം ഘടിപ്പിച്ച ചർച്ചകളിലൂടെ കേരളത്തിൽ ആദ്യമായി കൊച്ചി നഗരസഭ മാസ്റ്റർപ്ലാൻ തയ്യാറാ ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് മുന്നേറുകയാണ്. കേന്ദ്ര ഗവൺമെന്റ് നിശ്ചയിച്ചിട്ടു ള്ള അർബൻ ഡെവലപ്പ്മെന്റ് പോളിസി ഫോർമുലേഷൻ ആന്റ് ഇംപ്ലിമെന്റേഷൻ മാർഗ്ഗ നിർ ദ്ദേശങ്ങൾ അനുസരിച്ചുള്ള നടപടി ക്രമങ്ങളിലൂടെയാണ് ഈ പ്രവർത്തനം നടത്തിവരുന്നത്. ഇതിൽ നഗര, ഭൗതിക, സാമൂഹ്യ–വാണിജ്യ മേഖലകളെയാകെ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഇതോ ടൊപ്പം മൂലധന സമാഹരണത്തെ പറ്റിയുള്ള പഠനവും ഉൾപ്പെടുത്തിയിട്ടുണ്ട്.

2005 ജൂലൈ മാസത്തിൽ സർവ്വെ പ്രവർത്തനങ്ങൾ ആരംഭിച്ചു. ഒക്ടോബറിൽ സർവ്വെ ജോലികളുടെ ടെണ്ടർ കഴിഞ്ഞ് പ്രവർത്തി ആരംഭിച്ചു. പാർപ്പിടം, വ്യവസായം, സാമൂഹ്യ –സാമ്പത്തിക മേഖല, സാമൂഹ്യ സൗകര്യങ്ങൾ, വാണിജ്യം, ടൂറിസം, എന്നീ മേഖലകളിലെ

സർവ്വെ ജോലികൾ പൂർത്തീകരിച്ചു. 2011, 2016, 2021, 2026 എന്നീ നാലു ഘട്ടങ്ങളിലായി ഭാവിയിൽ ഈ മേഖലകളിൽ ഉണ്ടാകാവുന്ന ആവശ്യങ്ങൾ മുൻകൂട്ടി മനസ്സിലാക്കി പദ്ധതി പ്ലാൻ ചെയ്യാനുള്ള കഴിവ് ആർജ്ജിക്കലാണ് ഈ സർവ്വേ കൊണ്ട് ഉദ്ദേശിക്കുന്നത്.

ഡിസാസ്റ്റർ മാനേജ്മെന്റ് സംബന്ധിച്ച പഠനവും നടത്തിയിട്ടുണ്ട്.

കുടിവെള്ളം, സിവറേജ്, ഡ്രെയിനേജ് എന്നീ പ്രധാനപ്പെട്ട മേഖലകളിലെ പഠനങ്ങൾ നടന്നുവരുന്നു. ജനസംഖ്യ മാലിന്യസംസ്ക്കരണം ഗതാഗതം എന്നീ മേഖലകളിലെ പഠനങ്ങൾ കഴിഞ്ഞിട്ടുണ്ട്.

മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാന ഘടകമായ ഭൂവിനിയോഗപ്ലാനിങ്ങ് വിവിധ മേഖലകളിലായി പൂർത്തീകരിച്ചു. റസിഡൻഷ്യൽ സോൺ, കമേർഷ്യൽ സോൺ, ഇൻഡസ്ട്രിയൽ സോൺ, സൈലന്റ് സോൺ തുടങ്ങിയവ വേർതിരിക്കുന്ന പ്രവർത്തി നടന്നുവരുന്നു. ഒരു വർഷത്തിനകം വരുംകാല വികസനത്തിന്റെ പുതിയ ചരിത്രം കുറിക്കാൻ കൊച്ചി നഗരത്തിന്റെ തനത് മാസ്റ്റർ പ്ലാൻ നിലവിൽ വരും.

കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള 50000 കോടി രൂപയുടെ നഗര പുനരുദ്ധാരണം പദ്ധതിയിൽ കൊച്ചിയുടെ പ്രാധാന്യം കണക്കിലെടുത്ത് നമ്മുടെ നഗരത്തേയും തെരഞ്ഞെടുത്തിട്ടുണ്ട്. മില്യൻപ്ലസ് സിറ്റിയായാണ് കൊച്ചിയ ഉൾപ്പെടുത്തിയിട്ടുള്ളത്. 10000 കോടി രൂപയുടെ ഈ പദ്ധതിയിൽ തനതു വർഷം 305 കോടി രൂപ ലഭിക്കുമെന്ന് കണക്കാക്കുന്നു.

മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിലൂടെയും, ജെ.എൻ.എൻ.യു.ആർ.എം. പദ്ധതി നടപ്പിലാക്കുന്നതിലൂടെയും കൊച്ചി നഗരത്തിന്റേയും, പ്രാന്തപ്രദേശങ്ങളുടേയും വികസനം, ശാസ്ത്രീയമായി നടക്കും. ഓരോ അഞ്ചു വർഷത്തേയും വികസന ആവശ്യം ദീർഘവീക്ഷണത്തോടെ മുൻകൂട്ടി കണ്ടുകൊണ്ട് നടക്കുമെന്നതിനാൽ നഗരം നേരിടുന്ന പ്രധാനപ്രശ്നങ്ങൾക്കെല്ലാം പരിഹാരം കാണാൻ കഴിയും.

മാസ്റ്റർ പ്ലാൻ അംഗീകരിച്ച് നടപ്പിലാക്കുന്നതിന് സമീപത്തുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും, ജില്ലാഭരണകൂടത്തിന്റേയും ഡി.പി.സി.യുടേയും, സംസ്ഥാന സർക്കാരിന്റേയും സഹകരണം തേടുന്നതാണ്.

ഖരമാലിന്യസംസ്ക്കരണം

വീടുകളിൽ നിന്നും ദിനംപ്രതി പുറംതള്ളുന്ന ഗാർഹിക മാലിന്യങ്ങളോടൊപ്പം ആശുപത്രികളിൽ നിന്നും, ഡിസ്പെൻസറികളിൽ നിന്നും പുറംതള്ളുന്ന മാരകമായ മാലിന്യങ്ങളും, ഹോട്ടൽ–മാർക്കറ്റ് വെയ്സ്റ്റും, വ്യാപാര–വാണിജ്യ സ്ഥാപനങ്ങളിൽ നിന്നുമുള്ള വെയ്സ്റ്റുംദിവസേന നഗരത്തിൽ വന്നു പോകുന്ന ലക്ഷക്കണക്കായ ജനങ്ങളും, വാഹനങ്ങളും സൃഷ്ടിക്കുന്ന മാലിന്യങ്ങളും ചേർന്ന 260 ടൺ മാലിന്യം ഒരു ദിവസം നഗരത്തിൽ കുന്നുകൂടുന്നു.

വർദ്ധിച്ചുവരുന്ന മാലിന്യങ്ങൾ കൊതുക് പെരുകുന്നതിനും, പകർച്ചവ്യാധികൾ ഉണ്ടാക്കുന്നതിനും ഇടയാക്കുന്നു. അതുകൊണ്ടു തന്നെ മുനിസിപ്പാലിറ്റിയുടെ കാലം മുതൽ തന്നെ നഗരമാലിന്യ സംസ്ക്കരണം സജീവ ചർച്ചയായിരുന്നു. കോർപ്പറേഷൻ രൂപീകരണത്തോടെ മാലിന്യപ്രശ്നം മാധ്യമങ്ങളിലൂടെയും ബഹുജനങ്ങളുടെയും സംസാരവിഷയമായി മാറി. ലോകത്തെ ഭൂരിപക്ഷം നഗരങ്ങളിലും എന്നതുപോലെ കൊച്ചി കോർപ്പറേഷനും ലാന്റ് ഫില്ലിംങ്ങ് സമ്പ്രദായമാണ് നടപ്പിലാക്കി വരുന്നത്. കൊച്ചി നഗരവും നമ്മുടെ ജില്ലയാകെയും, ഗ്രാമ–നഗര വ്യത്യാസങ്ങളില്ലാതെ നഗരവൽക്കരണത്തിന്റെ മുന്നേറ്റത്തിലായതോടെ ചതുപ്പു നിലങ്ങളും, ഒഴിഞ്ഞ പ്രദേശങ്ങളും കുറഞ്ഞ് കുറഞ്ഞ് ഇല്ലാതാകുകയും തന്മൂലം പുതിയ പ്രശ്നങ്ങൾ വളരുന്നതിനിടയാക്കിയിരിക്കുന്നു. ദശാബ്ദങ്ങളായി നടത്തിക്കൊണ്ടിരുന്ന ലാന്റ് ഫില്ലിങ്ങിന് ഒടുവിൽ തിരഞ്ഞെടുത്ത സ്ഥലം പോർട്ട് അധീനതയിലുള്ള വെല്ലിങ്ടൺ ഐലന്റിലെ ഒഴിഞ്ഞ ചതുപ്പുപ്രദേശമായിരുന്നു. പോർട്ട് ട്രസ്റ്റ് അംഗീകാരം നൽകിയെങ്കിലും പുതുതായി ചുമതലയേറ്റ ദക്ഷിണ നാവിക മേധാവി വൈസ് അഡ്മിറൽ 2006 നവംബർ 30ന് ശേഷം കൊച്ചി തുറമുഖം വക സ്ഥലത്ത് ചവർ അടിക്കുന്നത് നിരോധിച്ചു. സെപ്റ്റംബറിനുശേഷം ഐലന്റിൽ മാലിന്യ നിക്ഷേപം നടത്തുന്നതിന് ആദരണീയനായ കേരള മുഖ്യമന്ത്രി ശ്രീ. വി.എസ്. അച്ച്യുതാനന്ദനും, പിന്നീട് പ്രതിരോധ മന്ത്രി ബഹുമാന്യനായ ശ്രീ. എ.കെ. ആന്റണിയും ഇടപെട്ട് നമ്മെ സഹായിച്ചിരുന്നു. എറണാകുളം ജില്ലയിൽ നിന്നുള്ള ബഹുമാന്യനായ മന്ത്രി ശ്രീ. എസ്. ശർമ്മ, എം.പി.മാരായ കെ. ചന്ദ്രൻ പിള്ള, ഡോ. സെബ്സ്റ്റിൻ പോൾ എന്നിവരും ജില്ലാകലക്ടറും ആരാധ്യയായ മേയറുടെ അഭ്യർത്ഥന മാനിച്ച് നഗരത്തെ നല്ലതുപോലെ സഹായിച്ചിട്ടുണ്ട്. ഇവരോടെല്ലാം ഈ അവസരത്തിൽ കൃതജ്ഞത അറിയിക്കുന്നു. എന്നാൽ ഡിസംബറിനുശേഷം മൂന്ന് തവണ പുറം കരാർ കൊടുത്തെങ്കിലും ഇടയ്ക്കിടെ ചിലയിടങ്ങളിൽ മാലിന്യനീക്കം നിലയ്ക്കുകയും പ്രശ്നങ്ങൾ വഷളാവുകയും ചെയ്തിട്ടുണ്ട്. ആരാധ്യയായ മേയറും, ഹെൽത്ത് സ്റ്റാൻഡിങ്ങ് കമ്മിറ്റിയും നേതൃത്വം കൊടുത്ത് റസിഡന്റ്സ് അസോസിയേഷനുകൾ, വ്യാപാരി വ്യവസായികൾ, ഹോട്ടൽ ആന്റ് റെസ്റ്റോറന്റ് അസോസിയേഷനുകൾ, ചേംബർ ഓഫ് കോമേഴ്സ്, രാഷ്ട്രീയ പാർട്ടികൾ മറ്റ് സന്നദ്ധസംഘടനകൾ, ആശുപത്രി അധികാരികൾ, എന്നിവരുടെയെല്ലാം യോഗങ്ങൾ നിരന്തരമായി വിളിച്ചുചേർത്ത് പ്രശ്ന പരിഹാരത്തിന് കഠിന പ്രയത്നം തന്നെ നടത്തി. പിന്നീട് മേയറുടെ അഭ്യർത്ഥന മാനിച്ച് ബഹുമാനപ്പെട്ട തദ്ദേശസ്വയം ഭരണവകുപ്പ് മന്ത്രി ശ്രീ. പാലൊളി മുഹമ്മദ്കുട്ടി, ഫിഷറീസ് ആന്റ് രജിസ്

ട്രേഷൻ വകുപ്പ് മന്ത്രി ശ്രീ. എസ്. ശർമ്മ എന്നിവരുടെ നേതൃത്വത്തിൽ ജില്ലാകലക്ടർ ടൗൺ ഹാളിൽ ജനീകയ കൺവെൻഷൻ നടത്തി. ഗവൺമെന്റ് സെക്രട്ടറി ശ്രീ. ടി.കെ. ജോസും, മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി പ്രൊഫ. പി.കെ. രവീന്ദ്രനും, എം.എൽ.എമാരും പ്രസ്തുത കൺവെൻഷനിൽ പങ്കെടുത്തു സഹായിച്ചു. കൺവെൻഷന്റെ തീരുമാനപ്രകാരം പശ്ചിമ കൊച്ചിയിലും, പൂർവ്വകൊച്ചിയിലും രണ്ട് ശിൽപ്പശാലകൾ സംഘടിപ്പിച്ചു. വാർഡ് തലയോഗങ്ങൽ നടത്തി മോണിറ്ററിങ്ങ് കമ്മിറ്റി രൂപീകരിച്ചു. റസിഡൻസ് അസോസിയേഷനുകൾ, സന്നദ്ധസംഘടനകൾ തുടങ്ങി മുഴുവൻ നഗരവാസികളോടും സഹകരണത്തിന് നന്ദി രേഖപ്പെടുത്തുന്നു.

ഓരോ ഡിവിഷനുകളിലും, മുഴുവൻ വീടുകളിലും, സ്ഥാപനങ്ങളിലും, ജൈവമാലിന്യങ്ങൾ– അജൈവമാലിന്യങ്ങൾ എന്നിങ്ങനെ വേർതിരിച്ച് ശേഖരിക്കുന്നതിന് നടപടികൾ നടന്നുവരുന്നു. പതിനായിരം വീടുകൾക്ക് ഇതിനകം രണ്ട് ബക്കറ്റുകൾ വിതരണം ചെയ്തു കഴിഞ്ഞു. പൊന്നുരുന്നി ഈസ്റ്റ്, പൊന്നുരുന്നി ഡിവിഷനുകളിൽ പൂർണ്ണമായും രവിപുരം, വെണ്ണല ഡിവിഷനുകളിൽ ഭാഗീകമായും ജൈവവള നിർമ്മാണ യൂണിറ്റുകൾ ഫലപ്രദമായി പ്രവർത്തിക്കാൻ ആരംഭിച്ചിട്ടുണ്ട്. ഈ പ്രവർത്തനം കൂടുതൽ ഡിവിഷനുകളിലേക്ക് വ്യാപിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. എറണാകുളം മാർക്കറ്റ്, കലൂർ സ്ലോട്ടർ ഹൗസ് എന്നിവിടങ്ങളിൽ മൂന്ന് ബയോഗ്യാസ് പ്ലാന്റുകൾ നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തിച്ചു വരുന്നു. രണ്ട് മാസങ്ങൾക്കുള്ളിൽ നഗരത്തിലാകെ വികേന്ദ്രീകൃത മാലിന്യസംസ്ക്കരണ യൂണിറ്റുകൾ പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിനായി ഈ ബഡ്ജറ്റിൽ 2000000 രൂപ വക കൊള്ളിച്ചിട്ടുണ്ട്.

ബഹുമാന്യനായ എം.എൽ.എ ശ്രീ. സി.എം. ദിനേശ്മണി മേയറായിരുന്ന കൗൺസിൽ ഫെഡോയെ ചുമതലപ്പെടുത്തി രൂപം കൊടുത്ത് ടെൻഡർ നടപടികൾ പൂർത്തീകരിച്ച് ആന്ധ്രപ്രദേശ് ടെക്നോളജി ഡെവലപ്പ്മെന്റ് കോർപ്പറേഷന് കരാർ കൊടുത്ത നഗരസഭയുടെ ബ്രഹ്മപുരത്തുള്ള 37.33 ഏക്കർ സ്ഥലത്ത് പ്ലാന്റ് നിർമ്മാണം ആരംഭിക്കുന്നതിന് നമ്മുടെ കൗൺസിൽ എല്ലാ നടപടികളും പൂർത്തീകരിച്ചിട്ടുണ്ട്. ലാന്റ് ഫില്ലിംങ്ങ് നടത്തുന്നതിനും, പ്ലാന്റ് നിർമ്മിക്കുന്നതിനും ആവശ്യമായ മെറ്റീരിയൽസ് കൊണ്ടുപോകുന്നതിന് വടവുകോട് – പുത്തൻകുരിശ് പഞ്ചായത്തിന്റെ സമ്മതത്തോടെ നാം നിർമ്മിച്ച റോഡ് ബഹുമാനപ്പെട്ട ഹൈക്കോടതി മാലിന്യം ബ്രഹ്മപുരത്ത് നിക്ഷേപിക്കണമെന്ന് ഉത്തരവിട്ടതിനെ തുടർന്ന് വെട്ടിക്കുഴിച്ചിടുകയും ഈ റോഡിൽ കൂടി വാഹന ഗതാഗതം നിരോധിച്ചിരിക്കുന്നു എന്ന ബോർഡ് പഞ്ചായത്ത് സ്ഥാപിക്കുകയും ചെയ്തിരിക്കുന്നു. പ്ലാന്റ് നിർമ്മാണത്തിന് പഞ്ചായത്ത് നൽകിയിരുന്ന എൻ.ഒ.സി. 2007 മാർച്ച് 6ന് ചേർന്ന പഞ്ചായത്ത് സമിതി നിഷേധിച്ചിരിക്കുകയാണ്. ബഹു. ഹൈക്കോടതിയുടെയും സംസ്ഥാന സർക്കാരിന്റേയും സഹായം തേടുകയുണ്ടായി. പ്ലാന്റു നിർമ്മാണത്തിന് ലാന്റ് ഫില്ലിംഗ് ആരംഭിച്ചു. അതിനായി നമ്മുടെ കൗൺസിൽ ഒറ്റക്കെട്ടായി പ്രയത്നിച്ചു വരുകയാണ്.

ബ്രഹ്മപുരം പ്രദേശത്ത് നഗരസഭ ഏറ്റെടുക്കാൻ തീരുമാനിച്ചിട്ടുള്ള ബാക്കി 51.17 ഏക്കർ ഭൂമി കൂടി അക്വിസിഷനിലൂടെ ഏറ്റെടുത്ത് നൽകണമെന്ന് ബഹു ജില്ലാകലക്ടറോടും,

സംസ്ഥാന സർക്കാരിനോടും ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിനായി ഹഡ്കോ 12 കോടി രൂപ വായ്പ അനുവദിച്ചിട്ടുണ്ട്.

സിറ്റി ഡവലപ്പ്മെന്റ് പ്ലാൻ (സി.ഡി.പി.) നടപ്പിലാക്കുന്ന മുഴുവൻ പ്രദേശങ്ങളിലേയും മാലിന്യം വേർതിരിച്ച് ശേഖരിക്കുന്നതിനും ഇത് സംഭരിക്കുന്നതിനും, സംസ്ക്കരണ കേന്ദ്രത്തിൽ എത്തിക്കുന്നതിനും ആവശ്യമായ ബക്കറ്റുകൾ, ബിന്നുകൾ, കണ്ടെയ്നറുകൾ, ട്രൈസൈക്കിളുകൾ, ടിപ്പർ, ഓട്ടോറിക്ഷകൾ, കവചിത വാഹനങ്ങൾ, ഡമ്പർ പ്ലേസറുകൾ, കോംപാക്ട് വാഹനങ്ങൾ എന്നിവ വാങ്ങുന്നതിനും റൂട്ട് മാപ്പ് തയ്യാറാക്കുന്നതിനും ഈ ബഡ്ജറ്റിൽ 30 കോടി രൂപ വകയിരുത്തുന്നു.

പ്ലാന്റ് നിർമ്മാണത്തിനും, റീ സൈക്കിളിങ്ങ് യൂണിറ്റ് നിർമ്മിച്ച് പ്രവർത്തിപ്പിക്കുന്നതിനും ലാന്റ് ഫില്ലിങ്ങിനുമായി 58.12 കോടി രൂപ നീക്കിവയ്ക്കുന്നു.

കാക്കനാട്-ബ്രഹ്മപുരം പാലത്തിൽ നിന്നും പ്ലാന്റ് സൈറ്റിലേക്ക് 15 മീറ്റർ വീതിയിൽ പുതിയ റോഡ് നിർമ്മിക്കും. സൈഡ് പ്രൊട്ടക്ഷൻ വാൾ നിർമ്മിക്കും. പ്ലാന്റ് പൂർത്തീകരണത്തോടൊപ്പം ഗ്രീൻ ബെൽറ്റ് ഉണ്ടാക്കുന്നതിന് വൃക്ഷതൈകളും ഔഷധച്ചെടികളും മറ്റും വച്ച് പിടിപ്പിക്കുന്നതിന് വനം വകുപ്പ്, ഹോർട്ടികൾച്ചറൽ കോപ്പറേറ്റീവ് സൊസൈറ്റി എന്നിവരെ ചുമതലപ്പെടുത്തിക്കഴിഞ്ഞു. കടമ്പ്രയാർ ടൂറിസത്തിന് സഹായകരമാവും വിധം നഗരസഭയുടെ സ്ഥലത്തേയും മാറ്റിത്തീർക്കുന്നതിന് കുന്നത്തുനാട് എം.എൽ.എ ശ്രീ. എം .എം. മോനായി, പഞ്ചായത്ത് അധികൃതർ, ടൂറിസം വകുപ്പ് എന്നിവരുമായി സഹകരിച്ച് നടപടി സ്വീകരിക്കും. നഗരസഭ സ്ഥലത്തിനു ചുറ്റും 12 മീറ്റർ ഉയരത്തിൽ കോ മ്പൗണ്ട് വാൾ നിർമ്മിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിനു പുറമേ, റസിഡൻസ് അസോസിയേഷനുകൾ, സന്നദ്ധസംഘടനകൾ, വ്യാപാര-വ്യവസായ സ്ഥാപനങ്ങൾ, ആശുപത്രികൾ, ഹോട്ടലുകൾ എന്നിവരുടെ സഹകരണത്തോടെ വികേന്ദ്രീകൃത മാലിന്യ സംസ്ക്കരണ യൂണിറ്റുകൾ ആരംഭിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യും. ഈ പ്രവർത്തനങ്ങൾക്ക് വീടുകളിൽ മാലിന്യം സംസ്ക്കരിച്ച് ബയോഗ്യാസ്, ജൈവവളം എന്നിവ നിർമ്മിക്കുന്നതിന് സബ്സിഡി കൊടുക്കുന്നതിന് ബഡ്ജറ്റിൽ 25 ലക്ഷം രൂപ നീക്കിവയ്ക്കുന്നു. വെജിറ്റബിൾ ആന്റ് ഫ്രൂട്ട്സ് പ്രൊമോഷൻ കൗൺസിൽ, കൃഷിഭവൻ, റസിഡൻസ് അസോസിയേഷനുകൾ എന്നിവരുടെ സഹകരണത്തോടെ ജൈവവളം ഉൽപ്പാദിപ്പിച്ച് മട്ടുപ്പാവിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും പ്രചാരവേല സംഘടിപ്പിക്കുന്നതിനും ബഡ്ജറ്റിൽ 10 ലക്ഷം രൂപ നീക്കിവയ്ക്കുന്നു.

കൊതുക് നിവാരണവും വെള്ളക്കെട്ട് ഒഴിവാക്കലും

കേന്ദ്രസംസ്ഥാന സർക്കാരുകളുടെ ഗവേഷണ സ്ഥാപനങ്ങൾ, കൊച്ചിൻ യൂണിവേഴ്സിറ്റി തുടങ്ങിയ സ്ഥാപനങ്ങളെ സഹകരിപ്പിച്ച് യുദ്ധകാലാടിസ്ഥാനത്തിൽ കൊതുകു നിവാരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കും. റസിഡന്റ്സ് അസോസിയേഷനുകൾ, ചേംബർ ഓഫ് കോമേഴ്സ്, എറണാകുളം മർച്ചന്റ്സ് യൂണിയൻ, ഹോട്ടൽ ആന്റ് റെസ്റ്റോറന്റ് അസോസിയേഷനുകൾ, മറ്റ് സന്നദ്ധസംഘടനകൾ, ആരോഗ്യ വകുപ്പ്, വ്യവസായ സ്ഥാ

പനങ്ങൾ, ബഹു. ഹൈക്കോടതി, ജില്ലാ ഭരണകൂടം, എന്നിവരുടെ പ്രതിനിധികളും അടങ്ങുന്ന ഒരു ഇവ്യാലൂവേഷൻ കമ്മിറ്റി ആരാധ്യയായ മേയറുടെ നേതൃത്വത്തിൽ രൂപീകരിക്കും.

കൊതു പെരുകുന്നതിൽ പ്രധാന പങ്ക് വഹിച്ചുപോരുന്ന നഗരത്തിലെ ചെറു കാനകൾ അതത് ഡിവിഷൻ കമ്മിറ്റികളുടെ നേതൃത്വത്തിൽ കോരിവൃത്തിയാക്കുന്നതിന് ഒരു ഡിവിഷനിലേക്ക് 50000 രൂപ വീതം അനുവദിക്കുന്നതിന് ബഡ്ജറ്റിൽ 35 ലക്ഷം രൂപ നീക്കിവയ്ക്കുന്നു. ഇപ്രകാരം അനുവദിക്കുന്നതിനാൽ അഡീഷണൽ തൊഴിലാളികളെ ഡിവിഷൻ തോറും വയ്ക്കുന്നത് അവസാനിപ്പിക്കണമെന്ന് നിർദ്ദേശിക്കുന്നു. കൊതുക് കൂടുതൽ പെരുകുന്ന മാസങ്ങളിലായി വർഷത്തിൽ രണ്ട് തവണകളായി ടി വേല ചെയ്യേണ്ടതാണ്.

സി.ഡി.പി. ഏരിയ വരുന്ന പ്രദേശങ്ങളിലെ കൽവത്തി–രാമേശ്വരം ബൗണ്ടറി കനാൽ, പണ്ടാരച്ചാൽ, പള്ളിച്ചാൽ, പഷ്ണിത്തോട്, ഇടപ്പള്ളിത്തോട്, ചിത്രപ്പുഴ, വൈറ്റിലപ്പുഴ, തേവര–പേരണ്ടൂർ കനാൽ, ചങ്ങാടംപോക്ക് തോട്, കരിത്തോട്, പുഞ്ചത്തോട് തുടങ്ങിയ കനാലുകളുടെ ക്യാച്ച്മെന്റ് ഏരിയ കണക്കാക്കി നഗരത്തിലെ വർഷകാലവെള്ളക്കെട്ട് ഒഴിവാക്കുന്നതിനും, വെള്ളം കെട്ടിനിന്ന് കൊതുക് പെരുകുന്നത് തടയുന്നതിനും ശാസ്ത്രീയമായ പഠനം നടത്തി കോണ്ടൂർ മാപ്പ് തയ്യാറാക്കി കാനകളെയും കനാലുകളെയും പരസ്പരം ബന്ധിപ്പിച്ചും, സ്ലോപ്പുള്ളതാക്കി മാറ്റിയും ആവശ്യം വേണ്ടിടത്ത് കവറിങ്ങ് സ്ലാബിട്ടും, വലിയ കനാലുകളിലെ ചെളി നീക്കം ചെയ്ത് ഇടുങ്ങിയ കൽവർട്ടുകളും, കലുങ്കുകളും പൊളിച്ചു നീക്കി സൈഡ് പ്രൊട്ടക്ഷൻ വാൾ കെട്ടി ഫെൻസിങ്ങ് ഇടുന്നതിന് ഈ സാമ്പത്തിക വർഷം തുടക്കം കുറിക്കും. ഇതിനായി 3 കോടി രൂപ വകയിരുത്തുന്നു.

സെൻട്രൽ സിറ്റി

എസ്റ്റീം പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നഗരഹൃദയഭാഗത്തെ വെള്ളക്കെട്ട് ഒഴിവാക്കുന്ന പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് ഈ ബഡ്ജറ്റിൽ 9 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

സ്വീവറേജ് ട്രീറ്റ്മെന്റ് പ്ലാന്റ്

നഗരത്തിൽ കൊതുക് പെരുകുന്നതിന്റെ പ്രധാന കാരണങ്ങളിലൊന്ന് അശാസ്ത്രീയമായി നിർമ്മിച്ചിട്ടുള്ള സെപ്റ്റിക് ടാങ്ക് കക്കൂസുകളാണ്. കൊതു വളർന്നു പെരുകാൻ ഇടയാക്കുന്നതിനു പുറമേ, ഭൂഗർഭജലം മനുഷ്യമാലിന്യം കലർന്ന ഉപയോഗരഹിതമായി മാറുന്നതിനും ഇതിടയാക്കുന്നു. ശാസ്ത്രീയമായ പ്രൊജക്ട് റിപ്പോർട്ട് തയ്യാറാക്കി. അണ്ടർഗ്രൗണ്ട് സ്വീവറേജ് പൈപ്പ് ലൈനുകളും, പമ്പിങ്ങ് സ്റ്റേഷനുകളും സ്ഥാപിച്ച് ആധുനിക രീതിയിലുള്ള സ്വീവറേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ പശ്ചിമകൊച്ചിയിലും, പൂർവ്വകൊച്ചിയിലും സ്ഥാപിക്കുന്നതിന് ഈ സാമ്പത്തിക വർഷം ആരംഭം കുറിക്കും. ഇതിനായി 154 കോടി രൂപ ഈ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. അടുത്ത നാല് വർഷംകൊണ്ട് കൊച്ചിയുടെ എല്ലാഭാഗങ്ങളിലേക്കും സ്വീവറേജ് സിസ്റ്റം വ്യാപിപ്പിക്കും. ഇതിലൂടെ കൊതുകു കുറഞ്ഞ കൊച്ചിയെന്ന സ്വപ്നം യാഥാർത്ഥ്യമാക്കാനും കഴിയും. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള പട്ടിണിപ്പാവങ്ങൾക്ക് സൗജന്യ നിരക്കിൽ കണക്ഷൻ കൊടുക്കുവാനും, ഫ്രീയായി ഉപയോഗിക്കാനും

അവസരമൊരുക്കും. മറ്റുള്ളവരിൽ നിന്നും കണക്ഷൻ ഫീസും യൂസർചാർജ്ജും ഈടാക്കി ബാദ്ധ്യതയില്ലാതെ നടത്തിക്കൊണ്ടുപോകുവാൻ കഴിയും.

കുടിവെള്ളം.

ഒരു വ്യാഴവട്ടം പിന്നിടുമ്പോഴും ഹഡ്കോ പദ്ധതി പൂർത്തീകരിച്ച് കമ്മീഷൻ ചെയ്തിട്ടില്ല. എന്നാൽ കഴിഞ്ഞ എട്ട് മാസങ്ങളിലായി ഹഡ്കോ പദ്ധതി പൂർത്തീകരിക്കുന്നതിന് അവശേഷിച്ചിരുന്ന പൈപ്പ് സ്ഥാപിക്കുന്ന വേല ശീഘ്രഗതിയിൽ നടന്നുവരുന്നു. ആലുവായിലെ ഇലക്ട്രിക് സബ്സ്റ്റേഷന്റെ നിർമ്മാണവും പൂർത്തീകരിച്ച് വരുന്നു. 2007 ജൂൺ മാസത്തോടെ പൂർണ്ണമായും ഹഡ്കോ പദ്ധതി കമ്മീഷൻ ചെയ്യാനും, ഇന്നുള്ള ശുദ്ധജലക്ഷാമം പരിഹരിക്കാനും സമാന്തരമായി നഗരസഭ വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയതിട്ടുള്ള 17.5 കോടി രൂപയുടെ ഡി.എഫ്.ഐ.ഡി. പദ്ധതിയും പൂർത്തീകരിക്കും.

അടുത്ത 35 വർഷക്കാലത്തേക്ക് ശുദ്ധജലക്ഷാമമില്ലാത്ത കൊച്ചിയാക്കി തീർക്കുന്നതിന് മൂവാറ്റുപുഴയാറിൽ പാഴൂർ നിന്നും വെള്ളമെത്തിച്ച് മരട് പഞ്ചായത്തിലെ നെട്ടൂരിൽ ട്രീറ്റ്മെന്റ്  പ്ലാന്റ് സ്ഥാപിച്ച് മരട്, കുമ്പളം, പള്ളുരുത്തി, ഇടക്കൊച്ചി, കുമ്പളങ്ങി, ചെല്ലാനം തുടങ്ങിയ പ്രദേശങ്ങളിലേക്ക് അധികമായി 100 ദശലക്ഷം ലിറ്റർ വെള്ളം എത്തിക്കാൻ കഴിയുന്ന പുതിയ പദ്ധതിക്ക് ഈ വർഷം തുടക്കം കുറിക്കും. 206 കോടി രൂപ വകയിരുത്തുന്നു.

പെരിയാറിൽ കീഴ്മാട് ഭാഗത്തുനിന്നും വെള്ളം ശേഖരിച്ച് കളമശ്ശേരി എച്ച്.എം.ടി കോമ്പൗണ്ടിൽ ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിച്ച് കൊച്ചിയുടെ മറ്റ് മേഖലകളിലേക്ക് ശുദ്ധജലവിതരണം നടത്തുന്നതിന് 285 ദശലക്ഷം ലിറ്റർ വെള്ളം ലഭ്യമാവുന്ന പുതിയ പദ്ധതിയുടെ പ്രൊജക്ട് റിപ്പോർട്ട് തയ്യാറാക്കി ഈ സാമ്പത്തിക വർഷം തന്നെ പദ്ധതി തുടങ്ങുന്നതിന് നടപടി സ്വീകരിക്കും.

ജനസംഖ്യയും സ്ഥാപനങ്ങളും വളരെ കുറവായിരുന്ന കാലത്ത് 40–50 വർഷങ്ങൾക്കു മുമ്പായി സ്ഥാപിച്ചിട്ടുള്ള വ്യാസം കുറഞ്ഞതും മോശവുമായ പൈപ്പുകൾ ഘട്ടംഘട്ടമായി മാറ്റി ഇന്നത്തെ ആവശ്യവും അടുത്ത 25 വർഷത്തെ ആവശ്യവും കണക്കാക്കി കൂടുതൽ വ്യാസമുള്ള പൈപ്പുകൾ സ്ഥാപിക്കുന്നതിനും, കേടായ പൈപ്പുകൾ മാറ്റുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.

ഗതാഗതപ്രശ്നങ്ങൾ പരിഹരിക്കൽ

പള്ളുരുത്തി 40 അടി റോഡ് : വർഷങ്ങളായി ഇഴഞ്ഞുനീങ്ങുന്ന പള്ളുരുത്തി 40 അടി റോഡ് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ബഡ്ജറ്റിൽ 50 ലക്ഷം രൂപ വകയിരുത്തുന്നു. റോഡ് വികസനം പൂർത്തീകരിക്കുന്നതിന് പള്ളുരുത്തിയിൽ ഒരു ജനകീയ കമ്മറ്റിക്ക് രൂപം നൽകുന്നതാണ്.

ഫോർട്ടുകൊച്ചി ഫോർഷോർ റോഡ് : പശ്ചിമകൊച്ചിയുടെ വികസനത്തിന് നാഴികക്കല്ലായി മാറാവുന്ന തുറമുഖ നഗരത്തിന്റെ കായൽ സൗന്ദര്യം ഏറ്റവും നന്നായി ആസ്വദിക്കാൻ കഴിയുന്ന ഫോർഷോർ റോഡ് നിർമ്മാണത്തിന് നഗരസഭ നേതൃത്വം നൽകും. കൊ

ച്ചി പോർട്ട് ട്രസ്റ്റ്, സംസ്ഥാന ഗവൺമെന്റ്, ടൂറിസം ഡിപ്പാർട്ടുമെന്റ് തൽപ്പരരായ സ്വകാര്യ സ്ഥാപനങ്ങൾ എന്നിവരെ സംയോജിപ്പിച്ച് ഈ പ്രവർത്തനങ്ങൾ നടത്തുന്നതിന് നഗരസഭ നേതൃത്വം നൽകും. ഇതിനായി ഒരു പോപ്പുലർ കമ്മിറ്റിക്ക് രൂപം കൊടുക്കും.

മാനാശ്ശേരിയിൽ നിന്നും മുണ്ടംവേലി വഴി ഗതാഗതം സുഗമമാക്കുന്നതിന് പോസ്റ്റാഫീസ് റോഡ് വീതികൂട്ടി വികസിപ്പിക്കും. കെ.ജെ. ഹർഷൽ റോഡ് വീതി കൂട്ടി വികസിപ്പിക്കും. ഹർഷൽ വാക്ക്‌വേ നിർമ്മിക്കും. കെ.ബി. ജേക്കബ് റോഡും, കെ.ജെ. ഹർഷൽ റോഡും തമ്മിൽ ബന്ധിപ്പിക്കുന്ന പുതിയ റോഡ് നിർമ്മിക്കും. ഫോർട്ടുകൊച്ചി കണ്ണങ്കാട്ട് പാലം പൂർത്തീകരിച്ച് സമാന്തര റോഡ് പൊതുജനങ്ങൾക്ക് തുറന്നുകൊടുക്കും. തോപ്പുംപടി പ്യാരി ജംഗ്ഷൻ മുതൽ ബീച്ച് റോഡ് വരെ റോഡ് വീതികൂട്ടി വികസിപ്പിക്കും. പള്ളുരുത്തി ബണ്ട് റോഡ് വികസിപ്പിച്ച് ഫോർട്ടുകൊച്ചി ചെല്ലാനം റോഡിലെത്തിക്കും. മാന്ത്രകനാൽ റോഡ് നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കും.

പനമ്പിള്ളി നഗർ – തേവര റോഡ് : പനമ്പിള്ളി നഗർ റോഡ് കോന്തുരുത്തി വരെ എക്സ്റ്റന്റ് ചെയ്ത് തെക്കോട്ടേക്ക് തേവര പാലം വരെ എത്തിക്കുന്നതിന് ജനകീയ കമ്മിറ്റിയുടെ സഹകരണത്തോടെ ഈ സാമ്പത്തിക വർഷം നടപടി സ്വീകരിക്കും.

പെരുമാനൂർ ജംഗ്ഷൻ മുതൽ തേവര വരെ നിലവിലുള്ള പണ്ഡിറ്റ് കറുപ്പൻ റോഡ് 12 മീറ്റർ വീതിയിൽ വികസിപ്പിക്കുന്നതിന് ലാന്റ് അക്വിസിഷൻ നടപടി സ്വീകരിക്കുന്നതിന് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്.

ജി.സി.ഡി.എയുടെ സഹകരണത്തോടെ ചിലവന്നൂർ ബണ്ട് റോഡ് പനമ്പിള്ളി നഗർ റോഡുമായി ബന്ധിപ്പിക്കുക.

ഗോശ്രീ – പച്ചാളം – പൊറ്റക്കുഴി – മാമംഗലം റോഡ് റോഡ് വീതികൂട്ടി നാഷണൽ ഹൈവേ അഞ്ചുമനയിലെത്തിച്ച് ബാനർജി റോഡിന് പാരലൽ റോഡ് തുറന്ന് ഗതാഗതക്കുരുക്കഴിക്കുന്നതിന് ജനകീയ കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം നടത്തും. ഈ പ്രവർത്തനങ്ങൾക്ക് ബഡ്ജറ്റിൽ വിഹിതം ഉൾപ്പെടുത്തിയിട്ടുണ്ട്.

കലൂരിൽ നിന്നും വടക്കോട്ടുള്ള പേരണ്ടൂർ റോഡ് വീതികൂട്ടി വികസിപ്പിക്കുന്നതിന് പോപ്പുലർ കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം പുനരാരംഭിക്കും.

തമ്മനം – പുല്ലേപ്പടി റോഡ് : തമ്മനം പുല്ലേപ്പടി റോഡിൽ നിർമ്മാണം പൂർത്തീകരിച്ചുകൊണ്ടിരിക്കുന്ന റയിൽവേ ഓവർ ബ്രിഡ്ജ് പൊതുജനങ്ങൾക്ക് തുറന്നുകൊടുക്കും. എം.ജി. റോഡ് മുതൽ നാഷണൽ ഹൈവേ ചക്കരപ്പറമ്പുവരെ 22 മീറ്റർ വീതിയിൽ റോഡ് പൂർത്തീകരിക്കുന്നതിന് ഫ്രീസറണ്ടർ ഭൂമി ലഭ്യമാക്കുന്നതിന് ജനകീയ കമ്മിറ്റി പുനരുജ്ജീവിപ്പിക്കും. റോഡിന് ഫ്രീസറണ്ടർ ഭൂമി നൽകാത്തവരുടെ സ്ഥലം ലാന്റ് അക്വിസിഷനിലൂടെ ഏറ്റെടുക്കും. അന്താരാഷ്ട്ര നിലവാരത്തിൽ റോഡ് നിർമ്മാണം പൂർത്തീകരിക്കും. ഇതിനാവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തുന്നു.

നാഷണൽ ഹൈവേ മുതൽ സീപോർട്ട് എയർപോർട്ട് റോഡ് വരെ പുതിയ റോഡ് തുറക്കുന്നതിന് സർക്കാരിൽ സമ്മർദ്ദം ചെലുത്തും.

സഹോദരൻ അയ്യപ്പൻ റോഡ്, സലിം രാജൻ റോഡ്, കലൂർ കടവന്ത്ര റോഡ്, കർഷക റോഡ് എക്സ്റ്റൻഷൻ എന്നീ നാലു റോഡുകൾ കേബിൾ ഡറ്റ്, സെന്റർ മീഡിയൻ, ഫുഡ് പാത്ത് എന്നീ ആധുനിക സൗകര്യങ്ങളോടെ അന്താരാഷ്ട്ര നിലവാരത്തിൽ പണിപൂർത്തീകരിക്കും, ഇതിനായി ബഡ്ജറ്റിൽ 64 കോടി രൂപ വകയിരുത്തുന്നു.

ഫൈൻ ആർട്ട്സ് അവന്യൂ മുതൽ പള്ളിമുക്കുവരെ ചർച്ച് ലാന്റിംഗ് റോഡ് വീതികൂട്ടി വികസിപ്പിക്കുന്നതിന് ലാന്റ് അക്വിസിഷൻ നടപടി സ്വീകരിക്കും.

ഫ്ളൈ ഓവർ

പനമ്പിള്ളി നഗർ മുതൽ ഫൈൻ ആർട്ട്സ് വരെ സഹോദരൻ അയ്യപ്പൻ റോഡിൽ എം .ജി. റോഡിനു കുറുകെ ഫ്ളൈ ഓവർ നിർമ്മിക്കുന്നതിന് ഡീറ്റെയിൽഡ് പ്രൊജക്ട് തയ്യാറാക്കുന്നതിന് കിറ്റ്കോയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രൊജക്ട് തയ്യാറാക്കി ഈ സാമ്പത്തിക വർഷത്തിൽ തന്നെ നിർമ്മാണം ആരംഭിക്കും.

ജില്ലാഭരണകൂടവുമായി സഹകരിച്ച് പാലാരിവട്ടത്ത് നാഷണൽ ഹൈവേയ്ക്കു മുകളിലൂടെ സ്വകാര്യ പങ്കാളിത്തത്തോടെ ഫ്ളൈ ഓവർ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കും.

ഇടപ്പള്ളി – വൈറ്റില – കുണ്ടന്നൂർ എന്നിവിടങ്ങളിൽ ഫ്ളൈ ഓവർ നിർമ്മിച്ച് ഗതാഗതകുരുക്ക് ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് കേരള – കേന്ദ്ര ഗവൺമെന്റുകളോടഭ്യർത്ഥിക്കുന്നു.

നിലവിലുള്ള പച്ചാളം വടുതല ഗേറ്റുകൾക്ക് പകരമായി പച്ചാളം റൗണ്ട് എബൗട്ട് നിർമ്മിച്ച് ഈ മേഖലയിലെ ഗതാഗത പ്രശ്നങ്ങൾക്ക് പരിഹാരം കാണണമെന്ന് സർക്കാരിനോടഭ്യർത്ഥിക്കുന്നു.

മൂന്നു മാസങ്ങൾക്കകം അലൈന്മെന്റ് നിശ്ചയിച്ച് അറ്റ്ലാന്റിസിൽ റെയിൽ വേ ഓവർ ബ്രിഡ്ജ് നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കും.

സലിം രാജൻ റോഡിൽ നിന്നും എം.ജി. റോഡിലേക്ക് റെയിൽവേ ഓവർബ്രിഡ്ജ്, ഐലന്റ്, പൊന്നുരുന്നി എന്നിവിടങ്ങളിലും റെയിൽവെ ഓവർബ്രിഡ്ജ് നിർമ്മിക്കുന്നതിന് നഗരസഭ മുൻകൈ എടുക്കും.

ഇടക്കൊച്ചി–തേവര തോപ്പുംപടി–ഫൈനാൻ ആർട്ട്സ് ഹാൾ, ഫോർട്ടുകൊച്ചി–എറണാകുളം എന്നിവിടങ്ങൾ ബന്ധിപ്പിച്ച് ഫെറി സർവ്വീസ് നടത്തുന്നതിന് നടപടി സ്വീകരിക്കും.

വികസിക്കുന്ന കൊച്ചിയുടെ ഗതാഗത പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് സർക്കാർ നിയോഗിച്ച മുൻ ചീഫ് സെക്രട്ടറി ശ്രീ. ബാബു ജേക്കബ് ഐ.എ.എസ്. ന്റെ നേതൃത്വത്തിലുള്ള അടിസ്ഥാന സൗകര്യവികസന സമിതി തയ്യാറാക്കി പ്രഖ്യാപിച്ചിട്ടുള്ള

സുപ്രധാനമായ 16 കോറിഡോറുകൾ പ്രായോഗികമായി നടപ്പിലാക്കുന്നതിന് നഗരസഭ ഫലപ്രദമായി ഇടപെടും.

പള്ളുരുത്തി പാരലൽ റോഡ് റീടാറിംഗ് നടത്തുന്നതിന് പുറമെ 40 അടി റോഡിന്റെ ഇടക്കൊച്ചിവരെയുള്ള ലാന്റ് അക്വസിഷൻ നടപടികൾ പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കും.

തോപ്പുംപടി പ്യാരി ജംഗ്ഷൻ മുതൽ ബീച്ച് റോഡുവരെ റോഡ് വീതീകൂട്ടി വികസിപ്പിക്കുന്നതിന് നടപടി സ്വീകരിക്കും.

മാന്ത്ര കനാൽ റോഡ് നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിക്കും. ആവശ്യമായ അക്വിസിഷൻ നടപടികൾ സ്വീകരിക്കും.

മത്തായി മാഞ്ഞൂരാൻ റോഡ് വീതി കൂട്ടി വികസിപ്പിച്ച് വടുതല വരെയെത്തിക്കും.

സ്റ്റേഡിയം ലിങ്ക് റോഡ് നാഷണൽ ഹൈവേവരെ സ്വകാര്യ പങ്കാളിത്തത്തോടെ പൂർത്തീകരിക്കും.

നോർത്ത് ഓവർബ്രിഡ്ജ് മുതൽ സൗത്ത് ഓവർബ്രിഡ്ജ് വരെ പുതിയ റോഡ് വികസിപ്പിച്ച് പൂർത്തീകരിക്കും.

പാരഡൈസ് റോഡ്, വെളി ഐ.റ്റി.സി. റോഡ്. ചളിക്കവട്ടം റോഡ് എന്നിവ വീതി കൂട്ടി വികസിപ്പിക്കും.

ഫോർട്ട് കൊച്ചി വെളി റോഡ് ജൂബിലി ജംഗ്ഷൻ മുതൽ ബാക്കി ഭാഗം വീതി കൂട്ടി വികസിപ്പിക്കും.

കൊച്ചി നഗരത്തിനുവെളിയിൽ പുതിയ റോഡുകൾ തുറക്കുകയും നിലവിലുള്ള പ്രധാന റോഡുകൾ വീതി കൂട്ടി വികസിപ്പിക്കുകയും ചെയ്താൽ മാത്രമേ നഗരത്തിലെ ഗതാ-ഗതക്കുരുക്ക് പരിഹരിക്കാൻ കഴിയൂ. അതിന് ചുവടെ ചേർക്കുന്ന റോഡുകൾ പൂർത്തീകരിക്കുന്നതിന് സർക്കാരിനോട് അഭ്യർത്ഥിക്കുന്നു.

1. അറബിക്കടലിന്റെ തീരത്ത് കൂടി വൈപ്പിൻ മുതൽ മുനമ്പം വരെയും- പാലം പണിത് മാല്യങ്കര വഴി എൻ.എച്ച് 17 വരെയും പുതിയ നാലുവരി കടലോരപാത ടൂറിസത്തിന്റെ പ്രാധാന്യം കൂടിക്കണക്കിലെടുത്ത് 10 മീറ്റർ നടപ്പാതയും 500 മീറ്റർ ഗ്രീൻ ബെൽറ്റും ഓരോ അഞ്ചുകിലോമീറ്ററിലും പാർക്കുകളും ഉൾപ്പെടെ പ്ലാൻ ചെയ്യണം.
2. ഗോശ്രീ ചാത്യാത്ത് തീരദേശറോഡ് ചേരാനല്ലൂർ വരാപ്പുഴ പാലം വരെ പൂർത്തീകരിക്കൽ.
3. വല്ലാർപാടം-ദ്വീപുകളിലൂടെയുള്ള പുതിയ റിംങ് റോഡ്
4. വല്ലാർ പാടം-കളമശ്ശേരി റോഡ്

5. തമ്മനം–പുല്ലേപ്പടി റോഡ് സീപോർട്ട്–എയർപോർട്ട് റോഡുവരെ എക്സ്റ്റന്റ് ചെയ്യൽ.

6. വൈറ്റില–പൂത്തോട്ട റോഡ് 27 മീറ്ററായി വികസിപ്പിക്കൽ

7. എൻ.എച്ച്. 49 ഫോർട്ടുകൊച്ചി മുതൽ തിരുവാങ്കുളം വരെ അലൈൻമെന്റ് പൂർത്തീകരിച്ച് നിർമ്മാണം ആരംഭിക്കൽ.

8. വൈറ്റില–കണിയാംപുഴ റോഡ് എരൂർ മാത്തൂരിൽ ഓവർ ബ്രിഡ്ജ് പണിത് ഇരുമ്പനം വരെ എത്തിക്കൽ.

9. പാലാരിവട്ടം എം.കെ.കെ. നായർ റോഡ് പള്ളിക്കരവരെ വീതി കൂട്ടി വികസിപ്പിക്കൽ.

- കടലും കായലുകളും–കനാലുകളും സുലഭമായ കൊച്ചി നഗരത്തിൽ അതിവേഗ ജലഗതാഗതസർവ്വീസ് ആരംഭിക്കൽ.
- നിർദ്ദിഷ്ട മെട്രോറയിൽ നിർമ്മാണം ആരംഭിക്കൽ.
- അങ്കമാലി തൃപ്പൂണിത്തുറ

ആലുവ കുമ്പളം സബർബൻ റയിൽവേ ആരംഭിക്കൽ

വരുന്ന 8 വർഷത്തിനകം 50 ലക്ഷം ജനങ്ങൾ വന്നുപോകുന്ന നഗരമായി കൊച്ചി വികസിക്കുന്നത് ദീർഘവീക്ഷണത്തോടെ കണ്ട് മേൽ പ്രവർത്തനങ്ങൾ സർക്കാർ ഏറ്റെടുക്കും എന്ന് പ്രതീക്ഷിക്കുന്നു.

മാസ് റാപ്പിഡ് ട്രാൻസ്പോർട്ട് സിസ്റ്റം

മെട്രോ റെയിൽ

1999–ൽ അന്നത്തെ നായനാർ ഗവൺമെന്റിന്റെ നിർദ്ദേശപ്രകാരം കൊച്ചി മുനിസിപ്പൽ കോർപ്പറേഷനും ജി.സി.ഡി.എയും സംയുക്തമായാണ് പ്രാഥമിക പഠനത്തിനുള്ള 60 ലക്ഷം രൂപ സ്വരൂപിച്ചുകൊടുത്തത്. തുടർന്ന് റൈറ്റ്സ് നടത്തിയ ശാസ്ത്രീയവും – സമഗ്രവുമായ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കൊച്ചിക്ക് മെട്രോ റെയിൽ നായനാർ ഗവൺമെന്റ് പ്രഖ്യാപിച്ചു. തുടർന്നുവന്ന ശ്രീ. എ.കെ. ആന്റണി ഗവൺമെന്റ് സ്കൈബസ് പദ്ധതിയുമായി വന്നതോടെ മെട്രോ റെയിൽ ''ത്രിശങ്കുവിലായി''. വല്ലാർപാടം പദ്ധതി യാഥാർത്ഥ്യമാകുന്ന പ്രഖ്യാപനവും ശിലാസ്ഥാപനവും നടന്നതോടെ മലയാള മനോരമ സംഘടിപ്പിച്ച സെമിനാറിന്റെ സമാപനത്തിൽ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി മെട്രോ റെയിൽ നടപ്പിലാക്കുമെന്ന് വീണ്ടും പ്രഖ്യാപിച്ചു. സാധ്യതാ പഠനത്തിന് ഡൽഹി മെട്രോ റെയിൽ കോർപ്പറേഷനെ ചുമതലപ്പെടുത്തി. ഇപ്പോഴത്തെ വി.എസ് സർക്കാർ മറ്റെല്ലാ രംഗങ്ങളിലുമെന്നതുപോലെ ത്വരിതഗതിയിൽ ടെൻഡർ നടപടികൾ സ്വീകരിച്ചു. സ്പെഷ്യൽ ആഫീസറെ നിയമിച്ചു. മഹാനഗരത്തിന്റെ പ്രശസ്തിക്കൊത്തവിധം മെട്രോറെയിൽ ഒന്നാംഘട്ടം നടപ്പിലാക്കുന്നതിന്റെ

അന്തിമഘട്ടത്തിലെത്തിച്ചു. ആലുവ, തൃക്കാക്കര, തോപ്പുംപടി, തൃപ്പൂണിത്തുറ, തിരുവാങ്കുളം പ്രദേശങ്ങളിലേക്കു കൂടി മെട്രോ റെയിൽ പദ്ധതി എക്സ്റ്റന്റ് ചെയ്ത് നടപ്പിലാക്കിയെങ്കിലേ നാമാഗ്രഹിക്കുന്ന വിധം ഗതാഗത പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയൂ. ഈ സാമ്പത്തിക വർഷത്തിൽ മെട്രോ റെയിൽ പദ്ധതിയുടെ ശിലാസ്ഥാപനം നിർവ്വഹിച്ച് പണി തുടങ്ങുമെന്ന് പ്രതീക്ഷിക്കുന്നു.

സബർബൻ റെയിൽവെ

മെട്രോ റെയിൽ യാഥാർത്ഥ്യമായാലും വരാനിരിക്കുന്ന വികസന പ്രവർത്തനങ്ങൾ കണക്കിലെടുത്ത് ഏറ്റവും ചിലവുകുറഞ്ഞ സബർബൻ റെയിൽവെ സിസ്റ്റം നടപ്പിലാക്കണം. തിരുവനന്തപുരം – കൊല്ലം, കൊച്ചി – കോട്ടയം, കൊച്ചി – തൃശൂർ – പാലക്കാട് എന്നിവിടങ്ങളിലേക്ക് സബർബൻ റെയിൽ പദ്ധതി നടപ്പിലാക്കണമെന്ന സംസ്ഥാന ഗവൺമെന്റിന്റെ നിലപാടിനെ സ്വാഗതം ചെയ്യുന്നു. പുതിയ കൊച്ചിയുടെ പ്രത്യേകതകൾ കണക്കിലെടുത്ത് നെടുമ്പാശ്ശേരി – എറണാകുളം, തോപ്പുംപടി, കുമ്പളം, കുരിക്കാട്, തിരുവാങ്കുളം, തൃക്കാക്കര പ്രദേശങ്ങളെ ബന്ധപ്പെടുത്തി സബർബൻ റെയിൽവെ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം. ഒന്നാം ഘട്ടത്തിൽ കുരിക്കാടു മുതൽ ആലുവവരെ നിലവിലുള്ള റെയിൽവെ ട്രാക്ക് തന്നെ പ്രയോജനപ്പെടുത്തി സബർബൻ റെയിൽ ആരംഭിക്കുന്നതിനും – ഭാവിയിലേക്ക് ചൊവ്വര, കുരിക്കാട് റെയിൽവെ ബൈപ്പാസ് തുറക്കുന്നതിനും നടപടികൾ സ്വീകരിക്കണമെന്ന് സംസ്ഥാന കേന്ദ്രഗവൺമെന്റുകളോടഭ്യർത്ഥിക്കുന്നു.

നിലവിലുള്ള ബസ് സർവ്വീസുകൾക്ക് ദശാബ്ദങ്ങൾക്കു മുമ്പേ നിശ്ചയിച്ച റൂട്ടുകളാണ് ഇപ്പോഴുമുള്ളത്. സിപോർട്ട് എയർപോർട്ട് റോഡ്, കുണ്ടന്നൂർ – തോപ്പുംപടി ബൈപ്പാസ്, കലൂർ – കടവന്ത്ര റോഡ്, സുഭാഷ് ചന്ദ്രബോസ് റോഡ്, അരൂർ – ഇടപ്പള്ളി നാഷണൽ ഹൈവേ ബൈപ്പാസ്, ദേശാഭിമാനി റോഡ്, പൊറ്റക്കുഴി പച്ചാളം റോഡ്, ഹൈക്കോർട്ട് – ഗോശ്രീ – വൈപ്പിൻ റോഡ് തുടങ്ങി പുതുതായി പണി തീർന്ന റോഡുകളിലൂടെ നിലവിലുള്ള ബസ് റൂട്ട് ക്രമീകരിച്ചും ജംഗ്ഷനുകൾ വികസിപ്പിച്ചും അനധികൃത പാർക്കിംഗ് നിരോധിച്ചും – ജംഗ്ഷനുകളിൽ ഇടതുവശം തുറന്നിട്ടും ഗതാഗത പരിഷ്കാരം വരുത്തിക്കൊണ്ട് ഇപ്പോഴത്തെ വാഹന–ഗതാഗത തിരക്ക് ഒഴിവാക്കാൻ കഴിയും. ഇതിന് സിറ്റി പോലീസ് കമ്മീഷണർ, ആർ.ടി.ഒ., ജില്ലാ കളക്ടർ എന്നിവർ സംയുക്ത ടീമായി നീങ്ങണം

കൊച്ചി നഗരത്തിന് മാത്രമായി ട്രാഫിക് നിയന്ത്രിക്കുന്നതിന് ഐ.ജി. റാങ്കിലുള്ള ഒരു ഐ.പി.എസ്. ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തണമെന്ന് സംസ്ഥാന സർക്കാരിനോടഭ്യർത്ഥിക്കുന്നു.

ആക്സിഡന്റ് ഇൻഷ്വറൻസ് പോളിസി നടപ്പിലാക്കും.

ഒരു വർഷത്തിലധികമായി കൊച്ചി നഗരത്തിൽ സ്ഥിരതാമസമുള്ള നഗരവാസികളെയാകെ ഇൻഷ്വർ ചെയ്യുന്നതിന് തീരുമാനിക്കുന്നു. നഗരത്തിൽ വെച്ചോ നഗരത്തിനു വെളിയിൽ വെച്ചോ ആക്സിഡന്റിൽ മരണമടയുന്നവരുടെ കുടുംബത്തിന് ആക്സിഡന്റ് ഇൻഷ്വറൻസ്

പോളിസിയുടെ പ്രയോജനം ലഭിക്കും. ഗവൺമെന്റിൽ നിന്നും ഇതിനാവശ്യമായ അംഗീകാരം നേടിയാണ് പദ്ധതി നടപ്പിലാക്കുക.

നഗരത്തിലെ മുഴുവൻ ജനങ്ങളുടെയും രക്തഗ്രൂപ്പ് നിർണ്ണയിച്ച് കുടുംബഹെൽത്ത് കാർഡ് വിതരണം ചെയ്യുന്നതിന് തുടരുന്ന ശ്രമം 71 ഡിവിഷനുകളിലും ഒന്നാം റൗണ്ട് പൂർത്തീകരിച്ചു. ഈ പ്രവർത്തനം പൂർണ്ണതയിലെത്തിക്കുന്നതിന് ശ്രമിക്കും.

നഗരത്തിൽ കുറ്റകൃത്യങ്ങൾ തടയുന്നതിനും ട്രാഫിക് അപകടങ്ങൾ കുറയ്ക്കുന്നതിനും

കൊച്ചി കേരളത്തിന്റെ മഹാനഗരമാണ്. കൊച്ചിക്കു ചുറ്റും നടന്നുകൊണ്ടിരിക്കുന്ന വികസന പ്രവർത്തനങ്ങൾ പൂർത്തിയാവുന്നതോടെ ഉണ്ടാവാനിടയുള്ള പുതിയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പോലീസുമായി സഹകരിച്ച് നടപടികൾ സ്വീകരിക്കും.

അപകടങ്ങളും  കുറ്റകൃത്യങ്ങളും നടക്കുന്ന സ്ഥലങ്ങളിൽ ഏറ്റവും വേഗത്തിൽ – കുറഞ്ഞ സമയം കൊണ്ട് പോലീസിനെത്തിച്ചേരാനും – ആഘാതം പരമാവധി കുറക്കാനും – കുറ്റവാളികളെ പിടികൂടാനും – അപകട കാരണം കണ്ടെത്താനും കഴിയുംവിധം റെയിൽവേ സ്റ്റേഷൻ, ബസ് സ്റ്റാന്റ്, തുടങ്ങി നഗരത്തിലെ തിരക്കേറിയ സ്ഥലങ്ങളിലും ട്രാഫിക് ജംഗ്ഷനുകളിലും ക്യാമറകൾ ഉൾപ്പെടെയുള്ള ട്രാഫിക് സർവിലൻസ് ഉപകരണങ്ങൾ സ്ഥാപിക്കും. ക്യാമറകൾ, ട്രാഫിക് സ്റ്റേഷൻ, പോലീസ് കൺട്രോൾ റൂം എന്നിവയുമായി ഒപ്റ്റിക്കൽ ഫൈബർ കേബിൾ വഴി ബന്ധിപ്പിച്ച് 24 മണിക്കൂറും പ്രധാന കേന്ദ്രങ്ങളിൽ നിരീക്ഷണം നടത്തുവാനും പ്രശ്നങ്ങൾ പരമാവധി ലഘൂകരിച്ച് ജനങ്ങളെ സഹായിക്കാനും കഴിയും.

ജിയോഗ്രഫിക്കൽ ഇൻഫർമേഷൻ സിസ്റ്റത്തെ പ്രയോജനപ്പെടുത്തി സിറ്റി പോലീസിന്റെ 15 പെട്രോൾ വാഹനങ്ങളും ആംബുലൻസും അടങ്ങുന്ന ഇലക്ട്രോണിക് ട്രാക്കിംഗ് സംവിധാനം ഏർപ്പെടുത്തി കൺട്രോൾ റൂമുമായി ബന്ധിപ്പിച്ച് 24 മണിക്കൂറും പ്രവർത്തിക്കുന്ന സിസ്റ്റം സ്ഥാപിക്കും. ഗ്ലോബൽ പോസിഷനിംഗ് സാറ്റലൈറ്റ് വഴി കൺട്രോൾ റൂമുമായി ബന്ധിപ്പിക്കും. കൺട്രോൾ റൂമിൽ ലഭ്യമാകുന്ന എല്ലാ വിവരങ്ങളും ജിയോഗ്രഫിക്കൽ മാപ്പിലൂടെ യഥാസമയം പരിശോധിക്കുന്നതിനും ഓരോ പ്രദേശത്തും ഉണ്ടാകുന്ന സംഭവങ്ങളുടെ ഫോട്ടോകൾ വാഹനങ്ങളിൽ ഘടിപ്പിച്ചിട്ടുള്ള ക്യാമറകളിൽ നിന്നും പോലീസ് കൺട്രോൾ റൂമിൽ യഥാസമയം ലഭിക്കുന്നതിനും സ്ഥിതിഗതികൾ നിയന്ത്രിക്കുന്നതിനും കോടതികളിൽ തെളിവായി പ്രയോജനപ്പെടുത്തുന്നതിനും സാധ്യമാകും. രാജ്യത്തെ തന്നെ നൂതനമായ ആദ്യ സംരംഭത്തിന് കൊച്ചി നഗരത്തിൽ തുടക്കം കുറിക്കുന്നതിന് നഗരസഭ നേതൃത്വം നൽകും. നഗരത്തിൽ അമിതവേഗം നിയന്ത്രിക്കുന്നതിനുള്ള 5 സ്പീഡ് റഡാറുകൾ പോലീസിന് നഗരസഭ നൽകുന്നതാണ്. ജസ്റ്റിസ് അവന്യൂ, ദ്വാരക ജംഗ്ഷൻ, തേവര ജംഗ്ഷൻ, സിഫ്റ്റ് ജംഗ്ഷൻ, മട്ടാഞ്ചേരി എന്നിവിടങ്ങളിൽ സിഗ്നൽ ലൈറ്റുകൾ സ്ഥാപിക്കും. നിലിവിലുള്ള സിഗ്നൽ ലൈറ്റുകളുടെ മെയിന്റനൻസ് കൃത്യമായി നടത്തുന്നതിനും പ്രതിമാസ ക്ലീനിംഗ് നടത്തുന്നതിനും നടപടി സ്വീകരിക്കും. നഗരത്തിലെ പ്രധാന റോഡുകളിൽ സീബ്ര ലൈനു

കൾ ഉൾപ്പെടെയുള്ള ട്രാഫിക് സൈനുകൾ സ്ഥാപിക്കുന്നതിന് നടപടികൾ കൈക്കൊള്ളുന്നതാണ്.

സിറ്റി പോലീസ്, ആർ.റ്റിഒ., ജില്ലാ ഭരണകൂടം എന്നീ ഏജൻസികളുമായി ആലോചിച്ച് പരമാവധി സ്പോൺസർമാരെ കണ്ടെത്തി ആധുനിക സംവിധാനങ്ങൾ കൊച്ചി നഗരത്തിൽ ഏർപ്പെടുത്തും. നഗരസഭയുടെ നേതൃത്വത്തിൽ ബന്ധപ്പെട്ടവരെ ഉൾപ്പെടുത്തി മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കും. ഈ കമ്മിറ്റി മാസത്തിലൊരിക്കൽ കൃത്യമായി യോഗം ചേർന്ന് അവലോകനം നടത്തി ട്രാഫിക് അപകടങ്ങളും കുറ്റകൃത്യങ്ങളും പരമാവധി കുറക്കുന്നതിന് സഹായിക്കും. ഈ പ്രവർത്തനങ്ങളാകെ നടത്തുന്നതിന് 50 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തുന്നു.

മംഗളവനം

കൊച്ചി നഗരത്തിൽ അവശേഷിക്കുന്ന അത്യപൂർവ്വമായ ജൈവസമ്പത്തുകളിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് മംഗളവനം. അപൂർവ്വമായ ദേശാടനപ്പക്ഷികൾ ഉൾപ്പെടെയുള്ള ജീവികലുടെ ആവാസകേന്ദ്രമാണിത്. മംഗളവനത്തെ കൊച്ചി നഗരത്തിന്റെ ഹരിതശ്വാസകോശമായിട്ടാണ് കണക്കാക്കി വരുന്നത്. മത്തായി മാഞ്ഞൂരാൻ റോഡ് – സലിം അലി റോഡ് – ഓൾഡ് റെയിൽവേ സ്റ്റേഷൻ ഹിന്ദുസ്ഥാൻ ലിവർ കമ്പനി എന്നിവയ്ക്കിടയ്ക്ക് കിടക്കുന്ന മുഴുവൻ പ്രദേശത്തെയും മംഗളവനവും അതിന്റെ ബഫർ സോണുമായി പ്രഖ്യാപിച്ചിട്ടുള്ളതാണ്. ഈ പ്രദേശത്തെ എല്ലാവിധ നിർമ്മാണപ്രവർത്തനങ്ങളും നിരോധിക്കുന്നു. മംഗളവനത്തിലെ ജീവികൾ ഇവിടംവിട്ട് പോകാനിടയാക്കുന്ന ഏതൊരുവിധ പ്രവർത്തനങ്ങളും അനുവദിക്കില്ല. മംഗളവനം കൊച്ചിയുടെ പ്രകൃതിപരമായ പൈതൃക സമ്പത്തായി ആവർത്തിച്ച് പ്രഖ്യാപിക്കുന്നു. വികസനപ്രവർത്തനങ്ങൾ പരിസ്ഥിതിയുടെ വിനാശത്തിന് കാരണമാവരുതെന്നത് കൊച്ചി നഗരസഭയുടെ പ്രഖ്യാപിത ലക്ഷ്യങ്ങളിലൊന്നാണ്. മംഗളവനവും അതിന്റെ ബഫർ സോണും സംരക്ഷിക്കാനുള്ള എല്ലാ നടപടികൾക്കും കൊച്ചി നഗരസഭ നേതൃത്വം കൊടുക്കുന്നതാണ്. ഇത് നഗരസഭയുടെ ചുമതലയായി ഞങ്ങൾ കണക്കാക്കുന്നു.

വഴിയോര തണൽവൃക്ഷങ്ങൾ

നഗരം വികസിക്കുകയും – കോൺക്രീറ്റ് കെട്ടിടങ്ങൾ പെരുകുകയും എ.സി. ഉപയോഗം വർദ്ധിക്കുകയും മറ്റും ചെയ്തുകൊണ്ടിരിക്കുന്നതും പൊതുവിൽ ആഗോള താപനില വർദ്ധിക്കുന്നതുമായ സാഹചര്യത്തിൽ ജനങ്ങൾക്ക് ആശ്വാസം പകരുന്നതിനും ചൂടിനെ പ്രതിരോധിക്കുന്നതിനും നഗരസൗന്ദര്യം വർദ്ധിപ്പിക്കുന്നതിനും ജനങ്ങൾക്ക് തണലേകാൻ പ്രധാന റോഡുകൾക്കിരുഭാഗത്തും തുറസ്സായ പൊതുസ്ഥലങ്ങളിലും, വിദ്യാലയങ്ങളിലും തണൽ മരങ്ങൾ വച്ചു പിടിപ്പിക്കും. പൊതുസ്ഥലങ്ങളിൽ നിൽകുന്ന വൃക്ഷങ്ങൾ നശിപ്പിക്കുന്നത് ക്രിമിനൽ കുറ്റമായി കണ്ട് നിയമനടപടികൾ സ്വീകരിക്കും. സന്നദ്ധ സംഘടനകൾ, ചുമട്ട് തൊഴിലാളികൾ, പി.ടി.എ. കമ്മിറ്റികൾ, വ്യാപാരി – വ്യവസായി സംഘടനകൾ, റസിഡന്റ്സ് അസോസിയേഷനുകൾ എന്നിവരും, വനം വകുപ്പ്, ആഗ്രോ ഹോർട്ടി കൾച്ചറൽ സൊസൈറ്റി എന്നിവരുമായി സഹകരിച്ച് ഈ പ്രവർത്തനം സംഘടിപ്പിക്കും. ഇതിനായി ബജറ്റിൽ 10 ലക്ഷം രൂപ വകയിരുത്തുന്നു. വിദ്യാർത്ഥികളെ സഹകരിപ്പിച്ച് ഓരോ വീട്ടിലും ''എന്റെ മരം'' പദ്ധതി നടപ്പിലാക്കും.

കണ്ടൽപാർക്ക്

സുനാമി പോലുള്ള പ്രകൃതിക്ഷോഭത്തെ തടയുന്നതിനും മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനും നഗരത്തിന് ഓക്സിജൻ ലഭിക്കുന്നതിനും പരിസ്ഥിതി സം രക്ഷണത്തിനും പ്രധാന പങ്കുവഹിക്കുന്ന കണ്ടൽ ചെടികൾ പരിപാലിക്കുന്നതിനും കണ്ടൽകാടിന്റെ സൗന്ദര്യം ആസ്വദിക്കാനും തൽപ്പരരായവർക്കു ഗവേഷണം നടത്തുന്നതിനും സഹായകരമായവിധം

തേവരയിൽ കണ്ടൽ പാർക്ക് സ്ഥാപിക്കുന്നതാണ്. ഇതിനായി ബജറ്റിൽ 5 ലക്ഷം രൂപ വകയിരുത്തുന്നു.

മഹാകവി ജി സ്മാരകം
''ധാന്യം''

കേരളീയ സാംസ്കാരിക വൈവിധ്യത്തെ പ്രതിഫലിപ്പിക്കുന്ന പ്രശസ്ത കലാകാരന്മാരുടെ സൃഷ്ടികളേയും, കലകളേയും, ആസ്വാദനാനുഭവങ്ങളേയും വളർത്തുന്നതിനും, പ്രോത്സാഹിപ്പിക്കുന്നതിനും മഹാകവി *ജി* യുടെ സ്മാരകമായി ''*ധാന്യം*'' എന്ന പേരിൽ ഇന്ത്യൻ ജനകീയ കലയുടെ കേന്ദ്രമായി മാറാവുന്ന തീയറ്റർ നിർമ്മാണത്തിനുള്ള സ്ഥലം ഹൈക്കോടതിക്ക് സമീപം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. എ.കെ.ആന്റണി നമുക്ക് നൽകുകയുണ്ടായി. നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ഭൂമി വിട്ടുകിട്ടിയെങ്കിലും തർക്കം തുടരുന്നു. ഭൂമി പൊസഷനിൽ എടുത്ത് ഇതിൽ 200 പേർക്ക് ഇരിക്കാവുന്ന സ്റ്റുഡിയോതീയേറ്റർ, നാടകശാലക്കുള്ള ഗ്യാലറിസ്പേയ്സ്, സൗജന്യമായി ഉപയോഗിക്കാവുന്ന റിഹേഴ്സൽ റൂമുകൾ, വിശ്വോത്തര ഗ്രന്ഥങ്ങളുടെ ശേഖരവും, സംഗീതശേഖരവുമുള്ള ലൈബ്രറി, ലോകസിനിമകൾ ഉൾക്കൊള്ളുന്ന കോൺഫറൻസ്ഹാളോടുകൂടിയ ഡി.വി.ഡി. ലൈബ്രറി തുടങ്ങിയവ സ്ഥാപിക്കം

കൊച്ചിയുടെ കലാസാംസ്ക്കാരിക രംഗത്ത് പുതിയ ഉണർവ്വ് നൽകാൻ *ജി* യുടെ നാമധേയത്തിലുള്ള ഈ സാംസ്ക്കാരിക കേന്ദ്രത്തിന് കഴിയും.

സ്മൃതി ഭൂമി

നഗരത്തിലെ രവിപുരം, ഇടപ്പള്ളി, പച്ചാളം, കൂവപ്പാടം, കരിപ്പാലം, വെളി ശ്മശാനങ്ങൾ ലാന്റ് സ്കേപ്പ് ചെയ്ത്– ഉദ്യാനം നിർമ്മിച്ച് മനോഹരമാക്കും. ചിമ്മിനികൾ പുതുക്കിപ്പണിയും.

ഇലക്ട്രിക് ക്രിമിറ്റോറിയം പ്രവർത്തനക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കും.

കൊച്ചിയിൽ മറൈൻ പാർക്ക് സ്ഥാപിക്കുന്നതിന് പഠനം നടത്തും.

പൊന്നുരുന്നിയിൽ എക്സിബിഷൻ കം കൺവെൻഷൻ സെന്റർ നിർമ്മിക്കുന്നതിനുള്ള അക്വിസിഷൻ നടപടി ആരംഭിച്ചു. അക്വിസിഷൻ പൂർത്തീകരിച്ചു–പ്രൊജക്ട് തയ്യാറാക്കും.

പള്ളുരുത്തി റീലീഫ് സെറ്റിൽമെന്റ് ഇടക്കൊച്ചിയിലേക്ക് മാറ്റുന്നതോടെ പള്ളുരുത്തിയിലും എക്സിബിഷൻ കം–കൺവെൻഷൻ സെന്റർ സ്ഥാപിക്കും. പള്ളുരുത്തി–കച്ചേരിപ്പടിയിൽ ടൗൺഹാൾ പൂർത്തീകരിച്ച് ഈ വർഷം ജനങ്ങൾക്ക് തുറന്നുകൊടുക്കും. ഇടക്കൊച്ചിയിൽ പൈലിംഗ് ജോലികൾ പൂർത്തീകരിച്ച് ആധുനിക സൗകര്യങ്ങളോടെ നഗരസഭ നിർമ്മിക്കുന്ന പുതിയ റീലീഫ് സെറ്റിൽമെന്റ് നിർമ്മാണം പൂർത്തീകരിക്കും. ഫോർട്ടുകൊച്ചി രാമേശ്വരം കോളനിയിൽ കമ്യൂണിറ്റി ഹാൾ നിർമ്മിക്കും.

കഴിഞ്ഞ കൗൺസിൽ ആരംഭംകുറിച്ച എംപ്ലോയ്മെന്റ് ഗൈഡൻസ് ,സെന്റർ കാര്യക്ഷമമാക്കും. ഇത് തൊഴിലന്വേഷകരുടെ ആശ്രയമായിരിക്കും. തൊഴിൽ ദായകരെ രജിസ്റ്റർ ചെയ്യിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തും.

ഫോർട്ടുകൊച്ചി വെളി ഗ്രൗണ്ട് പള്ളുരുത്തി കച്ചേരിപ്പടി ഗ്രൗണ്ട്, ഫോർട്ടുകൊച്ചി സാൻതോം ഗ്രൗണ്ട്, എളമക്കര ഗ്രൗണ്ട് എന്നിവ നവീകരിക്കും. വെണ്ണലയിൽ പുതിയ ഗ്രൗണ്ടിന് സ്ഥലം ഏറ്റെടുക്കുന്ന ജോലി പൂർത്തീകരിക്കും.

പശ്ചിമകൊച്ചിയിൽ സ്പോർട്സ് കൗൺസിലുമായി സഹകരിച്ച് മിനി സ്റ്റേഡിയവും – കായിക പരിശീലനകേന്ദ്രവും സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കും.

ഓരോ ഡിവിഷനിലും ചെറിയ ഒരു ഗ്രൗണ്ടെങ്കിലും നിർമ്മിക്കുന്നതിന് സ്ഥലം കണ്ടെത്തുന്നതിന് പരിശ്രമിക്കും.

ബ്രൈറ്റൻ ഹോവ് സിറ്റിയുമായി മുൻ മേയർ ഉണ്ടാക്കിയ ധാരണ പ്രകാരം ടൂറിസത്തിന് ഊന്നൽ നൽകിയ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കും.

എളങ്കുളത്ത് സഹോദരൻ അയ്യപ്പൻ റോഡിനും–സുഭാഷ് ചന്ദ്രബോസ് റോഡിനും

ഇടയിൽ പത്മസരോവരം പദ്ധതി നടപ്പിലാക്കും. ഫോർ വൺ നോട്ടിഫിക്കേഷൻ കഴിഞ്ഞ് ലാന്റ് അക്വിസിഷൻ നടപടികൾ വേഗത്തിൽ നടന്നുവരുന്നത് പൂർത്തീകരിക്കും. ടൂറിസം ഡിപ്പാർട്ടുമെന്റിന്റെയും–സ്വകാര്യ മേഖലയുടേയും പങ്കാളിത്വത്തോടെ ഈ പദ്ധതി പൂർത്തീകരിക്കുന്നതോടൊപ്പം ഈ ഭാഗത്തുള്ള കണ്ടൽക്കാടുകൾ സംരക്ഷിക്കുകയും–പുതിയ കണ്ടൽചെടികൾ വച്ചുപിടിപ്പിക്കുകയും ചെയ്യും. വടുതല പൂന്തുരുത്ത് ദ്വീപ് ഏറ്റെടുത്ത് ടൂറിസം വില്ലേജായി വികസിപ്പിക്കുന്നതിന് പദ്ധതികൾ ആവിഷ്ക്കരിക്കും.

വൈറ്റില കുന്നറ പാർക്കിന് വൈറ്റിലയിൽ പണ്ടുണ്ടായിരുന്ന പാർക്കിന്റെ പേര് ഭഗത്സിംഗ് പാർക്ക് എന്ന് നാമകരണം ചെയ്യുന്നതിന് തീരുമാനിക്കുന്നു.

ഭഗത്സിംഗ് പാർക്കിൽ നിന്നും സ്വകാര്യ പങ്കാളിത്വത്തോടെ ബോട്ട് സർവ്വീസ് നടത്തുന്നതിന് നടപടി സ്വീകരിക്കും.

ബസ് വെയിറ്റിംഗ് ഷെഡ്ഡുകൾ

നിലവിലുള്ള വെയിറ്റിംഗ് ഷെഡ്ഡുകൾ ആധുനിക രീതിയിൽ പരിഷ്ക്കരിയ്ക്കുന്നതാണ്. സ്വകാര്യ പങ്കാളിത്തത്തോടെ വെയിറ്റിംഗ് ഷെഡ്ഡ് പുതുക്കി നിർമ്മിക്കുന്നതിനും അതുവഴി പരസ്യത്തിലൂടെ നഗരസഭയ്ക്ക് ഈ സാമ്പത്തിക വർഷം 5 ലക്ഷം രൂപ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ഡി. & ഒ ലൈസൻസ്

വർഷങ്ങളുടെ പഴക്കമുള്ള ഡി.& ഒ ലൈസൻസ് ഷെഡ്യൂൾ കാലാനുസൃതമായി നിരക്ക് വർദ്ധിപ്പിച്ച് പരിഷ്ക്കരിച്ച് വിജ്ഞാപനമിറക്കി ഈ സാമ്പത്തിക വർഷം മുതൽ നട

പ്പിലാക്കുന്നതാണ്. ലൈസൻസ് ഇല്ലാത്ത മുഴുവൻ സ്ഥാപനങ്ങളേയും കണ്ടെത്തി ലൈസൻസ് നൽകുകയോ അടച്ചുപൂട്ടുകയോ ചെയ്യും.

പാർക്കിംഗ് ഫീസ്

പ്രധാന റോഡുകളിലെ പാർക്കിംഗ് ഒഴിവാക്കുന്നതിന് വേണ്ടി അനധികൃതമായി അംഗീകൃത പാർക്കിംഗ് ഏരിയകളിലല്ലാതെ റോഡുകളിൽ പാർക്കുചെയ്യുന്ന വാഹനങ്ങളിൽ നിന്നും പിഴ ഈടാക്കുന്നതാണ്. ആർ.ടി.ഒ., സിറ്റി പോലീസ് കമ്മീഷണർ മർച്ചന്റ്സ് യൂണിയൻ, കേരള ചേംബർ ഓഫ് കോമേഴ്സ് & ഇൻഡസ്ട്രീസ്, കോൺഫെഡറേഷൻ ഓഫ് ഇൻഡ്യൻ ഇൻഡസ്ട്രി, എറണാകുളം ജില്ലാ റസിഡന്റ്സ് അസ്സോസിയേഷൻ അപ്പെക്സ് കമ്മറ്റി എന്നിവരുടെ പ്രതിനിധികളുമായി കൂടിയാലോചിച്ച് ഈ തീരുമാനം മെയ് മാസം മുതൽ നടപ്പിലാക്കും. മറ്റ് എല്ലായിടങ്ങളിൽ നിന്നും പാർക്കിംഗ് ഫീസ് പിരിവ് ഊർജ്ജിതപ്പെടുത്തും. പേ ആന്റ് പാർക്കുകളിൽ നിന്നും സെസ്സ് ഈടാക്കുന്നതിന് നടപടി സ്വീകരിക്കും.

ബിൽഡിംഗ് എക്സ്റ്റെൻഷൻ

നഗരത്തിൽ വ്യാപകമായ നിലയിൽ നിലവിലുള്ള കെട്ടിടത്തിന്റെ മുകളിലേയ്ക്ക് ഒന്നിലധികം നിലകൾ പണിത് താമസത്തിനുപയോഗിക്കുകയോ, വാടകയ്ക്ക് കൊടുക്കുകയോ കോമേർഷ്യൽ സ്ഥാപനങ്ങൾ പ്രവർത്തിപ്പിച്ച് വരികയോ ചെയ്യുന്നത് നഗരസഭയുടെ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. എക്സറ്റൻഷൻ പ്ലാനുളളതും അല്ലാത്തതുമായ കെട്ടിടങ്ങൾ പരിശോധിച്ച് ഈ സാമ്പത്തിക വർഷത്തിന്റെ ആദ്യ അർദ്ധവർഷത്തിൽ തന്നെ അസസ്സ്മെന്റ് പൂർത്തിയാക്കുന്നതിന് തീരുമാനിക്കുന്നു. ഈയിനത്തിൽ ഒരു കോടി രൂപ അധിക വരുമാനമായി ബഡ്ജറ്റിൽ കണക്കാക്കുന്നു,

നഗരത്തിലെ ഫ്ളാറ്റുകളിൽ നല്ലൊരു ഭാഗവും വാടകയ്ക്ക് കൊടുത്തിരിക്കയാണ്. അതുപ്രകാരമുളള നികുതി നിലവിൽ ഈടാക്കുന്നില്ല. ഇതുമൂലമുളള വരുമാന ചോർച്ച തടയുന്നതിന് ജനപങ്കാളിത്തത്തോടെ വാടകയ്ക്ക് കൊടുത്തിട്ടുളള ഫ്ളാറ്റുകൾ റീ അസസ്സ്മെന്റ് നടത്തി നികുതി വസൂലാക്കുന്നതാണ്.

നഗരപുനരുദ്ധാരണം

എറണാകുളം നഗരത്തിലെ പൗരാണികമായ മാർക്കറ്റും ബ്രോഡുവേയും വിവിധ തെരുവുകളും കേന്ദ്രീകരിച്ചുളള വ്യാപാരകേന്ദ്രങ്ങൾ ഗവൺമെന്റ് അനുമതിയോടെ പബ്ലിക്, പ്രൈവറ്റ് പാർട്ടിസിപ്പേഷനിൽ നവീകരിക്കുന്നതാണ്. ഇതിനായി പ്രശസ്തനായ ആർക്കിടെക്ട് രാമചന്ദ്രനെ ഡിസൈൻ തയ്യാറാക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുണ്ട്. എറണാകുളം മാർക്കറ്റും ചുറ്റുമമുളള വ്യാപാര കേന്ദ്രങ്ങളും തകരാതിരിക്കുന്നതിനും കൂടുതൽ വികസിപ്പിക്കുന്നതിനും ജനങ്ങൾക്കും വാഹനങ്ങൾക്കും യഥേഷ്ടം വന്നുപോകാൻ കഴിയുന്നസ്ഥിതിയുണ്ടാവണം. ഇതിന് നിലവിലുളള റോഡുകൾക്ക് വീതി വർദ്ധിപ്പിക്കണം. ലക്ഷോപലക്ഷം ജനങ്ങൾക്ക് കാൽനടയായി സഞ്ചരിക്കുന്നതിന് വീതിയും ഭംഗിയുമുളള ഫുട്പാത്തുകളുണ്ടാവണം. വാഹനങ്ങൾക്ക് പാർക്കിംഗ് സൗകര്യമുണ്ടായേ തീരൂ. നിലവിലുളള സ്വകാര്യ

വ്യക്തികളുടെ കെട്ടിടങ്ങൾപൊളിച്ചുമാറ്റി റോഡുകൾക്ക് വീതി വർദ്ധിപ്പിച്ച് കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ പ്രത്യകമായ ഇളവ് അനുവദിച്ച് പരമാവധി മുകളിലേക്ക് കൂടുതൽ നിലകളിൽ പണിയുന്നതിന് ഗവണ്മെന്റിന്റെ പ്രത്യേകാനുമതിയോടെ നടപ്പിലാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കഴിയുന്നത്ര ഒരേ ഉയരത്തിൽ സാദൃശ്യമുള്ള ഡിസൈനിൽ ഒരേ നിറത്തിലുള്ള പെയിന്റിംഗ് നടത്തി എറണാകുളം നഗരനവീകരണം നടത്തുന്നതിനും മാർക്കറ്റ് ഗ്രൗണ്ട്ഫ്ളോറിനു താഴെ സെല്ലാർ മൾട്ടീ സ്റ്റോറിഡ് പാർക്കിംഗ് സൗകര്യം, കനാൽ നവീകരണം, റീഹാബിലിറ്റേഷൻ തുടങ്ങി ആധുനിക രീതികൾ നടപ്പിലാക്കുന്നതാണ്. വ്യാപാരികളുടേയും തൊഴിലാളികളുടേയും സഹകരണത്തോടെ ഈ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും മോണിറ്ററിംഗ് നടത്തുന്നതിനും ബ്രോഡ്‌വേ മാർക്കറ്റ് പുനരുദ്ധാരണ കമ്മറ്റി രൂപീകരിക്കും. ആരാദ്ധ്യയായ മേയറുടെ നേതൃത്വത്തിൽ ജില്ലാ ഭരണകൂടം, പോലീസ്, കേരളാ ചേംബർ, എറണാകുളം മർച്ചന്റ്സ് യൂണിയൻ, മാർക്കറ്റിലെ കച്ചവടക്കാരുടെ മറ്റു സംഘടനകൾ, തൊഴിലാളി യൂണിയനുകൾ എന്നിവരുടെ പ്രതിനിധികളടങ്ങുന്നതായിരിക്കും കമ്മറ്റി. നിർമ്മാണ പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ മൂന്ന് കോടി രൂപ വകയിരുത്തുന്നു.

മൾട്ടീലവൽ പാർക്കിംഗ് ഏരിയ

മഹാരാജാസ് കോളേജിന്റെ വടക്കേ അറ്റത്ത് മുല്ലശ്ശേരി കനാൽ പാർക്കിംഗ് ഏരിയാക്കുമുകളിൽ നിലവിലുള്ള ഫാഷൻ സ്ട്രീറ്റിലെ മുഴുവൻ കച്ചവടക്കാർക്കും ഗ്രൗണ്ട് ഫ്ളോറിൽ ഷോപ്പ്റൂംസ് നിർമ്മിച്ച് മുകളിലേക്ക് ബി.ഒ.ടി അടിസ്ഥാനത്തിൽ മൾട്ടീലെവൽ പാർക്കിംഗ് സിസ്റ്റം സ്ഥാപിക്കുന്നതാണ്. ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ 5 ലക്ഷം രൂപ വകയിരുത്തുന്നു.

മ്യൂസിയം ബസ്സാർ പുനരധിവാസവും മൾട്ടീ ലെവൽ പാർക്കിംഗും

നിലവിലുള്ള യാത്രാ ഓഡിറ്റോറിയം, പടിയാത്തുകുളം എന്നിവ ഒന്നായെടുത്ത് നിലവിലുള്ള താമസക്കാർക്ക് മൾട്ടീസ്റ്റോറീഡ് ബിൽഡിംഗ് പണിത് അവരെ പുനരധിവസിപ്പിക്കുകയും മുല്ലശ്ശേരി കനാലിന്റെ തെക്കേഭാഗത്ത് ആധുനിക രീതിയിലുള്ള ചെറുകിട മാർക്കറ്റിംഗ് സെന്റർ, ആഡിറ്റോറിയം ഓഫീസ് സൗകര്യം എന്നിവയും മൾട്ടീ ലെവൽ പാർക്കിംഗ് സിസ്റ്റത്തോടെ നിർമ്മിച്ച് മ്യൂസിയം ബസ്സാറിലെ കച്ചവടക്കാരെ പുനരധിവസിപ്പിക്കും.

പേ ആന്റ് യൂസ് ടോയ്ലറ്റുകൾ

നഗരത്തിലെത്തിച്ചേരുന്ന പതിനായിരക്കണക്കായ സ്ത്രീ പുരുഷൻമാർക്ക് പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റുന്നതിന് സുഭാഷ് പാർക്കിന്റെ സൈഡിൽ പണിതുകൊണ്ടിരിക്കുന്ന പേ ആന്റ് യൂസ് ടോയ്ലറ്റ് ഏപ്രിൽ മാസത്തിൽ പണി പൂർത്തിയാക്കി പൊതുജനങ്ങൾക്ക് തുറന്നുകൊടുക്കും.

ജയലക്ഷമി ടെക്സ്റ്റയിൽസിനു സമീപം, കലൂർ, വൈറ്റില എന്നിവിടങ്ങളിൽ ആറുമാസത്തിനുള്ളിൽ പേ ആന്റ് യൂസ് ടോയ്ലറ്റ് പുരുഷൻമാർക്കും വനിതകൾക്കും പ്രത്യേകം

പ്രത്യേകം നിർമ്മിക്കും. പുതിയതായി ആരംഭിക്കുന്ന മൾട്ടി സ്റ്റോറീഡ് പാർക്കിംഗ് ഏരിയകളിലും പെട്രോൾ ബങ്കുകളിലും പേ ആന്റ് യൂസ് ടോയ്‌ലറ്റുകൾ നിർമ്മിക്കും.

കൂടുതൽ പേ ആന്റ് യൂസ് ടോയ്‌ലറ്റുകൾ സ്ഥാപിക്കുന്നതിന് ആവശ്യമായ സ്ഥലം അക്വിസിഷനിലൂടെ ഏറ്റെടുക്കുന്നതിന് തീരുമാനിക്കുന്നു.

റോഡ് മെയിന്റനൻസിന് പാച്ച്‌വർക്ക് യൂണിറ്റ്

നഗരത്തിലെ റോഡുകൾക്ക് താങ്ങാവുന്നതിലേറെ വാഹനങ്ങൾ സഞ്ചരിക്കുന്നതിനാലും നമ്മുടെ കാലാവസ്ഥയുടെ പ്രത്യേകതകൊണ്ടും അന്താരാഷ്ട്ര നിലവാരത്തിൽ ടാറിംഗ് നടത്തിന്നതിനുള്ള ഫണ്ടിന്റെ അപര്യാപ്തതയും മൂലം അടിക്കടി കുണ്ടും കുഴിയും ഉണ്ടാകുന്നത് അപ്പഴപ്പോൾ മെയിന്റനൻസ് നടത്തുന്നതിന് നഗരസഭയ്ക്ക് സ്വന്തമായി ഒരു ടാർപാച്ച് വർക്ക് യൂണിറ്റ് ഉണ്ടാക്കുന്നതിന് തീരുമാനിക്കുന്നു. മേയ് 15 നകം ഇത് പ്രായോഗികമാക്കുന്നതിന് കോർപ്പറേഷൻ എഞ്ചിനീയറെ ചുമതലപ്പെടുത്തുന്നു.

വൈദ്യുതി പോസ്റ്റുകൾ

നഗരത്തിന്റെ പ്രധാന കേന്ദ്രങ്ങളിൽ വൈദ്യുതി ബോർഡ് സ്ഥാപിച്ചിട്ടുള്ള പോസ്റ്റുകളും ഓവർഹെഡ്സ് കേബിളുകളും മാറ്റി ആധുനിക രീതിയിൽ അണ്ടർ ഗ്രൗണ്ട് ഇലക്ട്രിക് സിറ്റി കേബിളുകൾ സ്ഥാപിക്കുന്നതിനും – വൈദ്യുതി തകരാറ് പരിഹരിക്കുന്നതിന് കുറ്റമറ്റ സമ്പ്രദായം ആവിഷ്ക്കരിക്കുന്നതിനും കേരള ഇലക്ട്രിസിറ്റി ബോർഡിനോട് ആവശ്യപ്പെടുന്നു.

പെട്ടിക്കടകൾ – വഴിവാണിഭം

അനധികൃത പെട്ടിക്കടകളും വാഹന ഗതാഗതത്തിനും കാൽനടയാത്രക്കാർക്കും ശല്യമാകുന്ന വഴി വാണിഭവും കർശനമായി തടയും. ഗതാഗത തടസ്സമില്ലാത്തതും പൊതുജനങ്ങൾക്ക് ഉപദ്രവമാവാത്തതുമായി നിലവിലുള്ള പെട്ടിക്കടകൾക്ക് ലൈസൻസ് നൽകും. വിവിധ സംഘടനകളുടെ സഹായത്തോടെ ബങ്ക് ബസാറിന് സ്ഥലം കണ്ടെത്തി ബങ്ക് ബസാർ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കും. വാഹന ഗതാഗതം കാര്യമായില്ലാത്തതും ജനതിരക്കേറിയതുമായ ചില റോഡുകൾ സർവ്വീസ് ചാർജ്ജ് ഈടാക്കിക്കൊണ്ട് വിവിധ സ്ഥാപനങ്ങളും – സംഘടനകളുമായി ചർച്ച ചെയ്ത് നിശ്ചിത സമയത്തേക്ക് നിയന്ത്രണങ്ങൾക്ക് വിധേയമായി വഴി വാണിഭത്തിന് തുറന്നുകൊടുക്കുന്ന കാര്യം പരിഗണിക്കും.

ദുർബ്ബല വിഭാഗക്കാർ ഏറ്റവും കൂടുതൽ തിങ്ങിപ്പാർക്കുന്ന പശ്ചിമകൊച്ചിയിലെ ഫോർട്ടുകൊച്ചി, കരുവേലിപ്പടി, പള്ളുരുത്തി എന്നീ കോർപ്പറേഷൻ ആശുപത്രികളും ഇടപ്പള്ളിയിലെ പ്രാഥമിക ആരോഗ്യ കേന്ദ്രവും നവീകരിക്കും.

പള്ളുരുത്തി, മട്ടാഞ്ചേരി, ഫോർട്ടുകൊച്ചി, എറണാകുളം എന്നിവിടങ്ങളിൽ പുറമ്പോക്കുകളിലും ചേരികളിലും താമസിക്കുന്ന പാവപ്പെട്ട ജനവിഭാഗങ്ങൾക്ക് നഗരപുനരുദ്ധാരണ ഫണ്ട് ഉപയോഗിച്ച് ബഹുനിലമന്ദിരങ്ങൾ പണിത് മെച്ചപ്പെട്ട താമസസൗകര്യം ഉറപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കും.

പനയപ്പിള്ളി, രാമേശ്വരം, കിള്ളിയംപാടം, എസ്.ആർ.എം. റോഡ്, സൗത്ത് തുടങ്ങിയ സ്ഥലങ്ങളിലെ കണ്ടിജന്റ് ജീവനക്കാരുടെ കോളനികളിൽ ബഹുകുടുംബപദ്ധതി നടപ്പിലാക്കുന്നതിന് പുറമെ ജീവനക്കാരുടെ ക്വാർട്ടേഴ്സ് പുനർനിർമ്മിക്കും.

ജനങ്ങൾക്ക് മികച്ച സേവനം ലഭ്യമാക്കുന്നതിന് ആഫീസ് കംപ്യൂട്ടറൈസേഷൻ നടപടി പൂർത്തീകരിക്കും. ഐ.കെ.എം. ഏറ്റെടുത്തിട്ടുള്ള കംപ്യൂട്ടറൈസേഷൻ ജോലികൾ പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ പുതിയ ഏജൻസിയെ ചുമതലപ്പെടുത്തും.

അറിയാനുള്ള അവകാശം ഉറപ്പുവരുത്തുന്നതിന് നഗരസഭ കവാടത്തിൽ ആധുനിക സൗകര്യങ്ങളോടെ ആരംഭിച്ചിട്ടുള്ള ഇൻഫർമേഷൻ ആഫീസ് കൂടുതൽ കാര്യക്ഷമമാക്കും.

ഫോർട്ടുകൊച്ചി വെളി ഗ്രൗണ്ടിൽ 400 ಃ 8 ട്രാക്കോടു കൂടിയ വിവിധോദ്ദേശ സ്പോർട്സ് സംവിധാനം പൂർത്തീകരിക്കുന്നതിന് ജി.സി.ഡി.എ. തയ്യാറാക്കിയിട്ടുള്ള പദ്ധതി നടപ്പിലാക്കും.

പ്രകൃതിദത്തവും സംസ്കാരികവുമായ പൈതൃക സമ്പത്തിന്റെ സംരക്ഷണം

അനാദൃശമായ സവിശേഷതകളുള്ള കൊച്ചിയുടെ പ്രകൃതി സാംസ്കാരിക പൈതൃക സമ്പത്ത് എക്കാലവും ലോകത്തിന്റെ മുഴുവൻ ശ്രദ്ധാകേന്ദ്രമായിരുന്നല്ലോ. ലോക പൈതൃക നഗരമായും ലോക സാംസ്കാരിക ഭൂപ്രദേശമായും പ്രഖ്യാപിക്കപ്പെടാൻ അർഹതയുള്ള ഈ നാഗരികതയുടെ പൈതൃക സമ്പത്ത് പല കാരണങ്ങളാലും ഇന്ന് നാശോന്മുഖമായിക്കൊണ്ടിരിക്കുകയാണ്.

കൊച്ചിയുടെ പൈതൃക സംരക്ഷണ പ്രവർത്തനങ്ങൾക്ക് കൊച്ചി നഗരസഭ എന്നും അർഹിക്കുന്ന പരിഗണന നൽശിയിരുന്നു. പൈതൃക സംരക്ഷണ പ്രവർത്തനങ്ങൾക്ക് കൊച്ചി നഗരസഭയെ സഹായിക്കാനും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനുമായി കൊച്ചി നഗരസഭ രൂപീകരിച്ച സ്ഥാപനമാണ് സെന്റർ ഫോർ ഹെറിറ്റേജ്, എൻവയോൺമെന്റ് ആന്റ് ഡെവലപ്മെന്റ് (സി–ഹെഡ്) .

ഐക്യരാഷ്ട്രസംഘടനയുടെ നേതൃത്വത്തിലുള്ള യുനെസ്കോ ലോകപൈതൃക നഗരമായും (World Heritage Town) ലോകസാംസ്കാരിക ഭൂപ്രദേശമായും (World Cultural Landscape) പ്രഖ്യാപിക്കുവാൻ ഏറ്റവും യോഗ്യതയുള്ള ഇന്ത്യൻ നഗരമായി കണക്കാവുന്ന കൊച്ചി ഇതുവരെയും ഔദ്യോഗികമായി ഈ പട്ടികയിൽ സ്ഥാനം പിടിച്ചിട്ടില്ല.

ഈ അവസ്ഥക്കുള്ള പ്രധാനമായ ഒരുകാരണമായി കണക്കാക്കുന്നത് കൊച്ചിയുടെ പ്രകൃതിദത്തവും സംസ്കാരികവുമായ പൈതൃകം (Natural and Cultural Heritage)

രേഖപ്പെടുത്തുവാനും സംരക്ഷിക്കുവാനുമുള്ള ശാസ്ത്രീയമായതും സമഗ്രമായതുമായ പ്രവർത്തനങ്ങളുടെ അഭാവമാണ്.

കൊച്ചിയുടെ പ്രകൃതിദത്തവും സംസ്കാരികവും ചരിത്രപരവുമായ പൈതൃകത്തെ ശാസ്ത്രീയമായി സംരക്ഷിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനമെന്ന നിലയിൽ ഹെറിറ്റേജ് ബേസ് മാപ്പ് തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ സി–ഹെഡിന്റെ നേതൃത്വത്തിൽ ഏറെക്കുറെ പൂർത്തിയായിട്ടുണ്ട്. ബേസ് മാപ്പ് തയ്യാറാക്കൽ പൂർത്തിയായാൽ ഹെറിറ്റേജ് മാസ്റ്റർ പ്ലാൻ തയ്യാറാക്കേണ്ടതുണ്ട്. ഹെറിറ്റേജ് ബേസ് മാപ്പിനെ അടിസ്ഥാനമാക്കിയാണ് ഹെറിറ്റേജ് മാസ്റ്റർ പ്ലാൻ തയ്യാറാക്കേണ്ടത്. കൊച്ചിയുടെ വികസനവും പ്രകൃതിദത്തവും സംസ്കാരികവുമായ പൈതൃക സംരക്ഷണ പ്രവർത്തനങ്ങളെ യോജിപ്പിച്ച് മുന്നോട്ട് കൊണ്ടുപോകാനുള്ള പ്രവർത്തനങ്ങളാണ് സി–ഹെഡ് നടത്തിക്കൊണ്ടിരിക്കുന്നത്.

സി–ഹെഡ് ഏറ്റെടുത്ത് നടത്താനുദ്ദേശിക്കുന്നതും നടത്താനിരിക്കുന്നതുമായ പ്രധാന പ്രവർത്തനങ്ങളാണ് ഹെറിറ്റേജ് ബേസ് മാപ്പ് തയ്യാറാക്കൽ, കൊച്ചി സംസ്കാരിക മ്യൂസിയം, ഹെറിറ്റേജ് സോൺസ് സർവ്വേ ആന്റ് ഡോക്ക്യുമെന്റേഷൻ, ഹെറിറ്റേജ് മാനേജ്മെന്റ് പ്ലാൻ ഫോർ ഹെറിറ്റേജ് പ്രിസിക്റ്റ്സ് ഓഫ് കൊച്ചിൻ, ഹെറിറ്റേജ് മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ, ഹെറിട്ടേജ് ഫോറംസ്, അർബൻ റിന്യൂവൽ ഫോർ വേരിയസ് കനാൽ സ് പ്രിസിക്റ്റ്സ്, അർബൽ റിന്യൂവൽ സ്കീം ഫോർ ഫോർട്ട് വൈപ്പിൻ ഹെറിറ്റേജ് സോൺ, കൺസർവേഷൻ പ്ലാൻ ഫോർ ഹെറിറ്റേജ് വാട്ടർ എഡ്ജ് ഓഫ് മട്ടാഞ്ചേരി, കൊച്ചിയുടെ കണ്ടൽക്കാടുകളുടെ സംരക്ഷണം, മട്ടാഞ്ചേരി സ്പൈസ് മ്യൂസിയം, എറണാകുളം ബ്രോഡ്‌വേ അർബൻ റിന്യൂവൽ സ്കീം, മംഗളവനം കൺസർവേഷൻ പ്ലാൻ എന്നിവ.

സെന്ററിന്റെ പ്രവർത്തനങ്ങൾ വിപുലീകരിച്ച് പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തമേഖലയിൽ വികസനം, ടൂറിസം, പരിസ്ഥിതി സംരക്ഷണം തുടങ്ങിയവ കൂടി ഉൾപ്പെടുത്തിക്കൊണ്ട് കൊച്ചി നഗരസഭാ കൗൺസിൽ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥാപനത്തെ പുനർനാമകരണം ചെയ്ത് സെന്റർ ഫോർ ഹെറിറ്റേജ്, എൻവയോൺമെന്റ് ആന്റ് ഡെവലപ്മെന്റ് (സി–ഹെഡ്) എന്നാക്കി മാറ്റിയിട്ടുണ്ടണ്ട് (പഴയ പേര് കൊച്ചി സംസ്കാര പൈതൃക പഠന കേന്ദ്രം).

പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾക്കായി 2007–2008 സാമ്പത്തിക വർഷത്തെ കൊച്ചി നഗരസഭ ബഡ്ജറ്റിൽ 27 ലക്ഷം രൂപ ഉൾപ്പെടുത്തുന്നു.

കൊച്ചി അന്താരാഷ്ട്ര ചലച്ചിത്രോത്സവം



കലകളുടേയും വിനോദത്തിന്റേയും സമ്മേളനമായ സിനിമ എന്ന മാധ്യമം കൊച്ചി നഗരത്തിന് എന്നും പ്രിയപ്പെട്ട ഒന്നായിരുന്നു. അതുകൊണ്ടുതന്നെ കൊച്ചിക്ക്

സ്വന്തമായൊരു അന്താരാഷ്ട്ര ചലച്ചിത്രോത്സവം എന്നത് എല്ലാ കൊച്ചിക്കാരുടേയും ഒരു ചിരകാലാഭിലാഷമാണ്. വളരെയേറെ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് രണ്ട് അന്താരാഷ്ട്ര ചലച്ചിത്രോത്സവങ്ങൾ കൊച്ചി നഗരസഭയുടെ സി-ഹെഡും കൊച്ചിൻ ഫിലിം സൊസൈറ്റിയും കൂടി സംഘടിപ്പിച്ചിരുന്നുവെങ്കിലും പ്രധാനമായും സാമ്പത്തിക പരാധീനതമൂലം അവയ്ക്ക് കേരളത്തിന് പുറത്ത് ശ്രദ്ധിക്കപ്പെടുന്ന ഒന്നായി വളരാൻ സാധിച്ചിട്ടില്ല.

ഫിലിം ഫെസ്റ്റിവലുകൾ ഇന്ന് ഒരു നഗരത്തിന്റെ വ്യക്തിത്വത്തിന്റെ ഭാഗം കൂടിയായി മാറുകയാണ്. കൊച്ചിൻ അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തെ ഇന്ത്യയൊട്ടുക്ക് ശ്രദ്ധിക്കപ്പെടുന്ന ചലച്ചിത്രോത്സവമാക്കി മാറ്റാനുള്ള ശ്രമത്തിന് കൊച്ചി നഗരസഭ എല്ലാ പിന്തുണയും നൽകുന്നു. കൊച്ചി അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിന്റെ നടത്തിപ്പിനായി 2007–2008 വർഷത്തെ നഗരസഭ ബജറ്റിൽ 5 ലക്ഷം രൂപ വകയിരുത്തുന്നു.

കലകളുടേയും ഉത്സവങ്ങളുടേയും സംരക്ഷണപ്രവർത്തനങ്ങൾ

നൂറ്റാണ്ടുകളുടെ ചരിത്ര സാംസ്കാരിക പശ്ചാത്തലമുള്ള പ്രദേശമാണ് കൊച്ചി. വിവിധങ്ങളായ സംസ്കാരങ്ങളുമായി നിതാന്തവും സാംസ്കാരികവുമായ ക്രയവിക്രയം കൊച്ചിക്ക് ഉണ്ടായിരുന്നു. അതുകൊണ്ടുതന്നെ വൈവിധ്യവും വൈപുല്യവുമായ ഒരു സംസ്കാരത്തിന്റെ ഉടമയാണ് അറബിക്കടലിന്റെ റാണിയായ കൊച്ചി.

കൊച്ചി അതിന്റേതായ സാംസ്കാരികധാര നിലനിർത്തുമ്പോഴും വിവിധ സംസ്കാര ങ്ങളുമായി സംവദിക്കാനുള്ള ജനാധിപത്യ ത്വര എന്നും പ്രകടിപ്പിച്ചിരുന്നു.

സ്ഥാപനങ്ങളാലും സംഭവങ്ങളാലും ഉത്സവങ്ങളാലും മുഖരിതമാണ് കൊച്ചിയുടെ സാംസ്കാരിക പശ്ചാത്തലം. ഈ നഗരത്തിലെ ഓരോ പ്രദേശത്തിനും തനതായ കലാരൂപങ്ങളുടേയും ഉത്സവങ്ങളുടേയും കഥകൾ പറയാനുണ്ടുതാനും. കൊച്ചിയുടെ സംസ്കാരികത്തനിമ ഭാവിയിലേക്ക് നിലനിർത്തുക എന്ന ലക്ഷ്യം മുൻ നിർത്തി കലകളുടേയും ഉത്സവങ്ങളുടേയും സംരക്ഷണപ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തും

പ്ലിന്ത് ഏരിയ അടിസ്ഥാനത്തിലുള്ള പുതിയ നികുതി സമ്പ്രദായം

പ്ലിന്ത് ഏരിയ അടിസ്ഥാനത്തിലുള്ള പുതിയ നികുതി സമ്പ്രദായം 2007 ഏപ്രിൽ ഒന്നു മുതൽ കൊച്ചി നഗരസഭയിൽ നടപ്പിലാക്കുന്നതാണ്. നഗരത്തിലെ ദാരിദ്ര്യരേഖയ്ക്ക് കീഴെയുള്ള ദുർബ്ബലവിഭാഗക്കാരായവരുടെ 300 സ്ക്വയർ ഫീറ്റ് വരെയുള്ള സ്വന്തമായി താമസിക്കുന്ന വീടുകളെയും ചേരികളേയും നികുതിയിൽനിന്നും ഒഴിവാക്കുന്നു.

സെൽഫ് അസ്സസ്മെന്റ്

അവരവരുടെ കെട്ടിടങ്ങളുടെ പ്ലിന്ത് ഏരിയ, കെട്ടിട നിർമ്മാണത്തിന് ഉപയോഗിച്ചിട്ടുള്ള മെറ്റീരിയൽസ് കെട്ടിടത്തിനോട് ചേർന്നുള്ള പ്രധാന റോഡുകൾ, സ്ഥാപനങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ ഓരോരുത്തർക്കും സ്വന്തം കെട്ടിടത്തിന്റെ പ്രോപ്പർട്ടി ടാക്സ് നിശ്ചയിക്കാൻ കഴിയും. ഇത്തരത്തിൽ പുതിയ നികുതി സമ്പ്രദായം നടപ്പിലാക്കുന്നതുവഴി ഈ വർഷം 10 കോടി രൂപ അധികവരുമാനമായി പ്രതീക്ഷിക്കുന്നു.

നഗരത്തിൽ നൂറു കണക്കിന് വാസഗൃഹങ്ങൾ നഗരസഭയുടെ അനുവാദമില്ലാതെ വാണിജ്യാവശ്യങ്ങൾക്കായി മാറ്റിയിരിക്കുന്നു. ഇത്തരം കെട്ടിടങ്ങൾക്ക് വാണിജ്യാവശ്യങ്ങൾക്കുള്ള നികുതി ഏർപ്പെടുത്തുന്നതിന് തീരുമാനിക്കുന്നു. ഇതുവഴി 3 കോടി രൂപയുടെ വർദ്ധനവുണ്ടാകും. അണ്ടർ അസ്സസ്മെന്റുകളും, അസ്സസ്മെന്റ് നടത്താത്തതുമായ കെട്ടിടങ്ങൾ കണ്ടെത്തി നികുതി പുനർനിർണ്ണയിക്കുന്നതാണ്. വ്യാപാരി സംഘടനകളുടേയും റസിഡൻസ് അസോസിയേഷനുകളുടേയും സഹകരണം തേടുന്നതാണ്. ഇതുവഴി 3 കോടി രൂപയുടെ വരുമാനം പ്രതീക്ഷിക്കുന്നു.

ഇന്റർനെറ്റ് കണക്ഷൻ

വിവിധ കമ്പനികൾ കൊച്ചി നഗരത്തിൽ ആയിരക്കണക്കായ ഇന്റർനെറ്റ് കണക്ഷൻ നൽകുകയും പുതിയകണക്ഷൻ കൊടുത്തുകൊണ്ടിരിക്കുകയും ചെയ്യുന്നു. കൊച്ചി നഗരത്തിന്റെ ഇൻഫ്രാസ്ട്രക്ച്ചറൽ ഡവലപ്മെന്റ് ഫീയായി ഒരു കണക്ഷന് പ്രതിവർഷം 10 രൂപ വീതം ഈടാക്കുന്നതാണ്. ഈ ഇനത്തിൽ 10 ലക്ഷം രൂപ പ്രതീക്ഷിക്കുന്നു.

പ്രദർശന നികുതി

സിനിമ വ്യവസായത്തിലെ പ്രതിസന്ധിയുടെ പേരിൽ ഗവൺമെന്റ് വിനോദ നികുതി ഗണ്യമായി വെട്ടിക്കുറച്ചുതമൂലം നഗരസഭയ്ക്ക് കോടിക്കണക്കിന് രൂപയുടെ കുറവ് സംഭവിച്ചിട്ടുണ്ട്. വൻകിട നഗരങ്ങളിൽ സർക്കാരിന്റെ ഈ തീരുമാനം മാറ്റി പൂർണ്ണമായും എന്റർടെയിൻമെന്റ്  ടാക്സ് പുനസ്ഥാപിച്ചുതരുന്നതിന് സർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നതാണ്, അതേയവസരത്തിൽ കേബിൾ ടിവി രംഗത്ത് വലിയ കുതിച്ചു കയറ്റമാണുണ്ടായിട്ടുള്ളത് . നഗരത്തിന്റെ പശ്ചാത്തലസൗകര്യങ്ങൾ നല്ലതുപോലെ പ്രയോജനപ്പെടുത്തിയാണ് ഈ രംഗം വളരുന്നതെങ്കിലും ഈ മേഖലയിൽ നിന്നും യാതൊരു വരുമാനവും നഗരസഭയ്ക്ക് ലഭിക്കുന്നില്ല. ആയതിനാൽ കേരള മുനിസിപ്പാലിറ്റീസ് ആക്ട് സെക്ഷൻ 23 പ്രകാരം കേബിൾ  ടി .വി. ഓപ്പറേറ്റേഴ്സിൽ നിന്നും പ്രതിമാസം ഒരു കണക്ഷന് 5 രൂപ നിരക്കിൽ പ്രദർശന നികുതി ഈടാക്കുന്നതാണ്. ഇതിനാവശ്യമായ ബൈലോയും ഉണ്ടാക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നു. രണ്ടുകോടി രൂപ ഈയിനത്തിൽ വരുമാനം ഉണ്ടാകുമെന്ന് കണക്കാക്കുന്നു.

കേബിൾ നെറ്റ് വർക്ക്

കേബിൾ ടി.വി. ഇന്റർനെറ്റ്, ടെലിഫോൺ, ഇലക്ട്രിസിറ്റി തുടങ്ങി പൊതു മേഖലയിലും, സ്വകാര്യമേഖലയിലുമുള്ള നിരവധി ഏജൻസികൾ നഗരസഭയുടെ റോഡുകളിൽ പുതിയ പോസ്റ്ററുകൾ സ്ഥാപിക്കുകയും, നഗരസഭയുടെ ലാംപ് പോസ്റ്റുകളിലൂടെയും കെ.എസ്

.ഇ.ബി. പോസ്റ്റുകളിലൂടെയും കേബിളുകൾ സ്ഥാപിച്ചിട്ടുണ്ട്. നഗരസഭയുടെ റോഡുകളിലും, മറ്റു പൊതുസ്ഥലങ്ങളിലൂടെയും അണ്ടർഗ്രൗണ്ട് കേബിളുകളും സ്ഥാപിച്ചിട്ടുണ്ട്. ഇതിനുപുറമേ ജംഗ്ഷൻ ബോക്സുകൾ അനവധിയായി പലയിടങ്ങളിലും സ്ഥാപിച്ചിട്ടുണ്ട്.

നഗരസഭയുടെ പോസ്റ്റുകളിലൂടെ നിലവിൽ സ്ഥാപിച്ചിട്ടുള്ളതും ഇനി സ്ഥാപിക്കുന്നതുമായ കേബിളുകൾക്ക് ഒരു കിലോമീറ്ററിന് 30,000/- രൂപ പ്രതിവർഷം വാടക നിശ്ചയിക്കുന്നു. അണ്ടർഗ്രൗണ്ട് കേബിളുകൾക്ക് പ്രതിവർഷം 20,000/- രൂപ വാടക നിശ്ചയിക്കുന്നു . പോസ്റ്റുകൾ സ്ഥാപിക്കുന്നതിന് പോൾ ഒന്നിന് 750/- രൂപയും ബോക്സുകൾക്ക് പ്രതിവർഷം 2,000/- രൂപയും വാടക നിശ്ചയിക്കുന്നു. ആദ്യമായി സ്വയം പോസ്റ്റുകൾ സ്ഥാപിച്ച് കേബിൾ വലിക്കുന്ന ഏജൻസിക്ക് പ്രതിവർഷം കേബിൾ വാടക 20,000/- രൂപയായിരിക്കും. ഇപ്രകാരം സ്ഥാപിക്കുന്ന പോസ്റ്റുകൾ നഗരസഭയുടേതായിരിക്കും. മറ്റു കമ്പനികൾ ഈ പോസ്റ്റിലൂടെ കേബിൾ വലിക്കുന്നതിന് പ്രതിവർഷം 30,000/- രൂപ തന്നെയായിരിക്കും. ഓരോ ഏജൻസിയും അവരവരുടെ ഏജൻസിയെ തിരിച്ചറിയുന്നതിനുള്ള എംബ്ലത്തോടുകൂടിയ ടാഗ്ഗ് കേബിളുകളിലും, പോളുകളിലും, ബോക്സുകളിലും സ്ഥാപിക്കേണ്ടതാണ്. ഈയിനത്തിൽ ഈ സാമ്പത്തിക വർഷം 5 കോടി രൂപ പ്രതീക്ഷിക്കുന്നു.

ടവ്വർ പെർമിറ്റ് ചാർജ്ജ്

നഗരത്തിന്റെ വിവിധ പ്രദേശങ്ങളിൽ വ്യാപകമായി ടവ്വറുകൾ സ്ഥാപിക്കുന്നതിന് നിയന്ത്രണമേർപ്പെടുത്തും. ജനനിബിഢമായ കേന്ദ്രങ്ങളിൽ ടവ്വറുകൾ സ്ഥാപിക്കുന്നതിന് നിരോധനം ഏർപ്പെടുത്തു.

കേരള മുനിസിപ്പൽ ബിൽഡിംഗ് റൂൾ പ്രകാരം നിർമ്മാണാനുമതി കൊടുക്കുന്നതിനാൽ നിർമ്മാണം പൂർത്തീകരിച്ചശേഷം ഒക്യൂപ്പൻസി സർട്ടിഫിക്കറ്റ് നൽകി നമ്പരിട്ട് ടവ്വറിൽ നിന്നുമുള്ള വരുമാനത്തിന്റെ അടിസ്ഥാനത്തിൽ അസ്സസ്മെന്റ് നടത്തുന്നതിന് തീരുമാനിക്കുന്നു.

വരുമാനം ലഭിക്കുന്ന കെട്ടിടമെന്ന നിലയിൽ ഒക്യുപൻസി സർട്ടിഫിക്കറ്റ് സമർപ്പിക്കുന്നില്ലെങ്കിൽ മുനിസിപ്പൽ ആക്ട് 242 പ്രകാരം അൺഓതറൈസ്ഡ് നമ്പർ ഇട്ട് അസ്സസ്മെന്റ് നടത്തുന്നതിനും തീരുമാനിക്കുന്നു. ഇപ്രകാരം യു.എ. നമ്പരിട്ടാൽ കെ.എസ്.ഇ.ബിയ്ക്കും, ടവ്വർ സ്ഥാപിക്കുന്ന കെട്ടിടത്തിന്റെ / സ്ഥലത്തിന്റെ ഉടമയ്ക്കും നോട്ടീസ് നൽകി തുടർന്നുള്ള നടപടികൾ സ്വീകരിക്കും.

വാർഷിക ഫീസ് നിജപ്പെടുത്തുന്നതിന് ഒരു ടവ്വറിൽ നിന്നുമുള്ള വരുമാനമാനദണ്ഡം സംബന്ധിച്ച് വിദഗ്ദ്ധ ഉപദേശം സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നു. ടവ്വറിന് നിയമാനുസൃതം പെർമിറ്റ് കൊടുക്കുന്നതിന് ഇൻഫ്രാസ്കട്രക്ച്ചറൽ ഫീസായി രണ്ടുലക്ഷം രൂപ അടക്കണമെന്ന് തീരുമാനിക്കുന്നു.



ഓയിൽ കമ്പനികളിൽ നിന്നും വാടക

കൊച്ചി നഗരത്തിലെ റോഡുകൾക്കിടയിലൂടെയും നഗരസഭയുടെ മറ്റ് പൊതു സ്ഥലത്തിനടിയിലൂടെയും പുറമ്പോക്ക് കനാൽ സൈഡിലൂടെയും പൈപ്പ് സ്ഥാപിച്ച് അതു വഴി ക്രൂഡ് ഓയിലും മറ്റ് എണ്ണകളും പമ്പ് ചെയ്യുന്നതിന് വാടകയായി പൈപ്പുകൾക്ക് കിലോമീറ്ററിന് പ്രതിവർഷം 50,000/- രൂപ വീതവും ഓയിൽ ലിറ്റർ ഒന്നിന് 10 പൈസ പ്രകാരവും ഈടാക്കുന്നതിന് നിശ്ചയിക്കുന്നു. ഈയിനത്തിൽ പ്രതിവർഷം 5 കോടി രൂപ വരുമാനം കണക്കാക്കുന്നു.

വോൾവോ ബസ്സുകൾ, ടൂറിസ്റ്റ് ബസ്സുകൾ

നഗരത്തിൽ നിന്നും ആരംഭിക്കുകയോ, നഗരത്തിൽ അവസാനിക്കുകയോ, നഗരത്തിനുവെളിയിൽ കേന്ദ്രീകരിച്ച് നഗരം ചുറ്റിപോവുകയോ ചെയ്യുന്ന അന്തർസംസ്ഥാന ബസ്സുകൾക്ക് സീറ്റിംഗ് കപ്പാസിറ്റി അനുസരിച്ച് ഡവലപ്പ്മെന്റ് സെസ്സ് ചുമത്തുന്നതിന് തീരുമാനിക്കുന്നു. ഒരു ബസ്സിന് പ്രതിദിനം 300 രൂപ പ്രകാരവും, ടൂറിസ്റ്റ് ബസ്സുകൾക്ക് 200/- രൂപ പ്രകാരവും അടയ്ക്കേണ്ടതാണ്.

ഓട്ടോറിക്ഷാ സ്റ്റാന്റുകൾ പരിഷ്ക്കരിച്ച് നമ്പർ നൽകും.

സിറ്റിയിൽ ഓടുന്ന സിറ്റി പെർമിറ്റുള്ള ഓട്ടോറിക്ഷകൾക്ക് നഗരസഭ നമ്പർ കൊടുക്കുന്നതിന് തീരുമാനിക്കുന്നു. സിറ്റി പോലീസ് കമ്മീഷണർ, ട്രേഡ് യൂണിയനുകൾ, ആർ.ടി.ഒ. എന്നിവരുമായി കൂടിയാലോചിച്ച് ഓട്ടോറിക്ഷ സ്റ്റാന്റുകൾ പരിഷ്ക്കരിക്കുകയും തൊഴിലാളി വിശ്രമകേന്ദ്രങ്ങൾ സ്ഥാപിക്കുകയും ചെയ്യും. നഗരസഭ പെർമിറ്റുള്ള ഓട്ടോറിക്ഷകൾക്ക് മാത്രമായി സ്റ്റാന്റുകൾ പരിമിതപ്പെടുത്തും. നഗരസഭ പെർമിറ്റ് നൽകുന്നതിന് ട്രേഡ് യൂണിയനുകളുമായി കൂടിയാലോചിച്ച് ഫീസ് ചുമത്തുന്നതാണ്.

ഡെവലപ്പ്മെന്റ് സെസ്സ്

കൊച്ചി നഗരത്തിന്റെ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി വാണിജ്യസ്ഥാപനങ്ങൾ, പാർപ്പിട സമുച്ചയങ്ങൾ, ലക്ഷ്വറി വാസഗൃഹങ്ങൾ, കായൽ ഫ്രണ്ടേജ് ലക്ഷ്യം വച്ച് നിർമ്മിക്കുന്ന വൻകിട കെട്ടിടങ്ങൾ എന്നിവയ്ക്ക് പുതുതായി നിർമ്മാണാനുമതി നൽകുന്നതിന് ഡെവലപ്പ്മെന്റ് സെസ്സ് ഈടാക്കുന്നതിന് തീരുമാനിക്കുന്നു. 3000 സ്ക്വയർ ഫീറ്റ് വരെയുള്ള വാസഗൃഹങ്ങളെ ഇതിൽ നിന്നും ഒഴിവാക്കുന്നു. ചതുപ്പ് നിലങ്ങൾ നികത്തുന്നതിന് നഗരസഭയുടെ പെർമിറ്റ് നിർബന്ധമാക്കുന്നു. ഇപ്രകാരം ഡെവലപ്പ്മെന്റ് പെർമിറ്റ് എടുക്കുമ്പോൾ സമീപപ്രദേശങ്ങളിലെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനുള്ള ഡ്രെയിനേജ് സൗകര്യം കവറിംഗം സ്ലാബോടെ നഗരസഭയുടെ ടൗൺ പ്ലാനിംഗ് വിഭാഗം തയ്യാറാക്കുന്ന ഡിസൈനിൽ ഡവലപ്പ് ചെയ്യുന്ന വ്യക്തി / സ്ഥാപനം സ്വന്തം ചിലവിൽ നിർമ്മിക്കണം. റോഡ് കണക്ടിവിറ്റിയും ഉടമസ്ഥർ സ്വന്തം ചെലവിൽ ഉറപ്പാക്കണം. ഭൂമി നികത്തുന്നതിന് ഡെവലപ്പ്മെന്റ് സെസ് എന്ന നിലയ്ക്ക് ഒരു സെന്റിന് 1500 രൂപ വീതവും 25 സെന്റിൽ താഴെയുള്ള സ്ഥലമാണെങ്കിൽ സെന്റിന് 1000 രൂപ വീതവും നഗരസഭയിൽ ഒടുക്കണം. 7 സെന്റ് വരെയുള്ള ഭൂമി നികത്തുന്നതിന് ഡെവലപ്പ്മെന്റ് പെർമിറ്റ് എടുക്കേണ്ടതാണെങ്കിലും ഡെവലപ്പ്മെന്റ് സെസ്സിൽ നിന്നും ഒഴിവാക്കുന്നു. എന്നാൽ ഒരുമിച്ച് കിടക്കുന്ന ചതുപ്പ് നിലവും ഒരേ സർവ്വേ

നമ്പറിൽപ്പെട്ട ചതുപ്പുനിലവും തുണ്ടുകളായി മുറിച്ച് പ്രത്യേകം പ്രത്യേകം അപേക്ഷിച്ചാൽ ഇളവ് ബാധകമാകുന്നതല്ല. നഗരസഭ നിശ്ചയിച്ചതുപ്രകാരമുള്ള തുക നഗരസഭ ഫണ്ടി ലേക്ക് ഒടുക്കേണ്ടതാണ്. ഏതെങ്കിലും ലാന്റ് ഓണർ നഗരസഭയുടെ ശ്രദ്ധയിൽപ്പെടാതെ അനധികൃതമായി ഭൂമി ഡെവലപ്പ്മെന്റ് ചെയ്തിട്ടുണ്ടെങ്കിൽ പ്രസ്തുത ഭൂമിയിൽ കെട്ടിട നിർ മ്മാണാനുമതി കൊടുക്കണമെങ്കിൽ കെട്ടിട നിർമ്മാണത്തിന് നിശ്ചയിച്ചിട്ടുള്ള ഫീസിനു പു റമെ ലാന്റ് ഡെവലപ്പ്മെന്റ് ഫീസും, ഡെവലപ്പ്മെന്റ് സെസ്സും ഈടാക്കി മാത്രമേ നിർമ്മാണാ നുമതി കൊടുക്കാവൂ എന്ന് നിർദ്ദേശിക്കുന്നു.

വൻകിട ഹോട്ടലുകൾക്ക് സർവ്വീസ് ടാക്സ്

കൊച്ചി നഗരത്തിന്റെ വിശാലമായ പശ്ചാത്തല സൗകര്യങ്ങളും - ടൂറിസ്റ്റ് സാധ്യ തകളും ഏറെ പ്രയോജനപ്പെടുത്തി വരുന്ന ബാർ ഹോട്ടലുകൾക്ക് പ്രതിവർഷം ഒരു ലക്ഷം രൂപ വീതവും നാല്, അഞ്ച് നക്ഷത്രഹോട്ടലുകൾക്ക് പ്രതിവർഷം 3 ലക്ഷം രൂപ വീതവും, ത്രീ സ്റ്റാർ ഹോട്ടലുകൾക്ക് പ്രതിവർഷം 50,000/- രൂപ വീതവും, ഒന്ന്, രണ്ട് സ്റ്റാർ ഹോ ട്ടലുകൾക്ക് പ്രതിവർഷം 10,000/- രൂപ വീതവും സർവ്വീസ് ടാക്സ് ഈടാക്കുന്നതാണ്.

നഗരത്തിലെ സ്റ്റാർ ഹോട്ടലുകളല്ലാതെ മറ്റ് ഹോട്ടലുകളെ 3 ക്ലാസ്സുകളാക്കി തരംതിരി ച്ച് എ ക്ലാസ് ഹോട്ടലുകളിൽ നിന്നും പ്രതിവർഷം 5,000/- രൂപ വീതവും, ബി ക്ലാസ് ഹോ ട്ടലുകളിൽ നിന്നും പ്രതിവർഷം 2,000/- രൂപ വീതവും സർവ്വീസ് ചാർജ് ഈടാക്കുന്നതിന് തീരുമാനിക്കുന്നു. സി ക്ലാസ് ഹോട്ടലുകളെ ഇതിൽ നിന്നും ഒഴിവാക്കുന്നു.

വൻകിട ഹോസ്പറ്റിലുകൾക്ക് സർവ്വീസ് ചാർജ്

കൊച്ചി നഗരത്തിൽ പ്രവർത്തിക്കുന്ന 50 മുറികളിൽ അധികം പേ വാർഡുകളുള്ള സ്വ കാര്യ ആശുപത്രികളിൽ നിന്നും ജനറൽ വാർഡ് ഒഴികെയുള്ള പേ വാർഡായി നിശ്ചയിച്ചി ട്ടുള്ള ഒരു സാധാരണ മുറിക്ക് 10 രൂപയും എ.സി. റൂമുകൾക്ക് 25 രൂപയും, ഡീലക്സ് മുറി കൾക്ക് 100 രൂപയും സർവ്വീസ് ചാർജ്ജായി വസൂലാക്കുന്നതിന് തീരുമാനിക്കുന്നു.

ചിക്കൻ സ്റ്റാളുകൾ

അംഗീകാരമുള്ളതും - അനധികൃതമായതുമുൾപ്പെടെ നഗരത്തിൽ പ്രവർത്തിക്കുന്ന ചി ക്കൻ സ്റ്റാളുകളെ നിയന്ത്രിക്കും. പരിസരശുചിത്വം - ആരോഗ്യപരമായ സാഹചര്യം എന്നി വയില്ലാതെ പ്രവർത്തിക്കുന്ന ചിക്കൻ സ്റ്റാളുകൾ അടച്ചുപൂട്ടുകയും നഗരസഭ നി ബന്ധനകൾ പാലിക്കാതിരുന്നതിന് അപ്രകാരമുള്ള ചിക്കൻ സ്റ്റാളുകൾക്ക് പ്രതിദിനം 5, 000/- രൂപ വരെ പിഴ ഈടാക്കുന്നതിന് തീരുമാനിക്കുന്നു. നഗരസഭ നിബന്ധനകൾ പാലിച്ച് പെർമിറ്റോടെ പ്രവർത്തിക്കുന്ന ചിക്കൻ സ്റ്റാളുകൾക്ക് സ്റ്റാൾ ഒന്നിന് പ്രതിമാസം 1,000/- രൂപ വീതം സർവ്വീസ് ചാർജ് ഈടാക്കുന്നതാണ്.

മസാജ് പാർലറുകൾ / ബ്യൂട്ടി പാർലറുകൾ



നഗരത്തിൽ പ്രവർത്തിക്കുന്ന മസാജ് പാർലറുകളിൽ നിന്നും - ബ്യൂട്ടി പാർലറുകളിൽ നിന്നും സർവ്വീസ് ചാർജ് ഈടാക്കുന്നതാണ്. മസാജ് പാർലറുകൾക്ക് പ്രതിമാസം 500 രൂപ

പ്രകാരവും ബ്യൂട്ടി പാർലറുകൾക്ക് പ്രതിമാസം 100 രൂപ വീതവും സർവ്വീസ് ചാർജ് നഗരസഭയിൽ അടക്കേണ്ടതും നഗരസഭയിൽ നിന്നും പെർമിറ്റ് എടുക്കേണ്ടതാണ്. പെർമിറ്റില്ലാതെ പ്രവർത്തിക്കുന്ന ഇത്തരം സ്ഥാപനങ്ങൾ അടച്ചു പൂട്ടുന്നതിന് തീരുമാനിക്കുന്നു.

എക്സിബിഷനുകൾക്ക് പ്രദർശന നികുതി

നഗരത്തിൽ പൊതുസ്ഥലങ്ങളിലും സ്ഥാപനങ്ങളിലും, സ്വകാര്യ സ്ഥാപനങ്ങളിലും നടക്കുന്ന എക്സിബിഷനുകൾക്ക് പ്രദർശന നികുതി ഈടാക്കുന്നതിന് ഈ ബജറ്റ് തീരുമാനിക്കുന്നു.

എൻക്രോച്ച്മെന്റ് ഫൈൻ

റോഡുകളും, ഫുട്പാത്തും, കനാലുകളും, കായലുകളും മറ്റു നഗരസഭ പുറമ്പോക്കു സ്ഥലങ്ങളും കയ്യേറുന്നത് കർശനമായി നിരോധിക്കുന്നു. ഇപ്രകാരമുള്ള സ്ഥലങ്ങളിൽ കയ്യേറ്റം നടത്തുന്നവരെ ഒഴിപ്പിക്കുന്നതും അവരിൽ നിന്ന് പിഴ ഈടാക്കുന്നതിന് തീരുമാനിക്കുന്നു.

മൊബൈൽ പരസ്യം

മൊബൈൽ വാഹനങ്ങളിൽ പരസ്യം നടത്തുന്നതിന് നഗരസഭയുടെ പെർമിറ്റ് എടുക്കണമെന്ന് നിഷ്ക്കർഷിക്കുന്നു. ഇത്തരം വാഹനങ്ങളിൽ പരസ്യം ചെയ്യുന്നതിന് പരസ്യ നികുതി പ്രത്യേകമായി നിശ്ചയിച്ച് ഈടാക്കുന്നതിന് സെക്രട്ടറിയെ അധികാരപ്പെടുത്തുന്നു. ബലൂൺ ഉൾപ്പെടെയുള്ള ആകാശ പരസ്യങ്ങൾക്കും ഇതു ബാധകമായിരിക്കും.

യാനപാത്രങ്ങൾക്കുള്ള നികുതി

ബോട്ടുകൾക്ക് നമ്പർ നൽകുന്നതിനും ചാർജ് ഈടാക്കുന്നതിനും തീരുമാനിക്കുന്നു. മെക്കനൈസ്ഡ് ബോട്ടുകൾക്ക് 75 രൂപ പ്രകാരവും അല്ലാത്തവയ്ക്ക് 100 രൂപ പ്രകാരവും ഹൗസ് ബോട്ടുകൾക്ക് 100 രൂപ പ്രകാരവും നിശ്ചയിക്കുന്നു.

പുല്ലേപ്പടി റെയിൽവേ ഓവർബ്രിഡ്ജിന് ടോൾ

പുല്ലേപ്പടി റെയിൽവേ ഓവർ ബ്രിഡ്ജ് നിർമ്മാണത്തിന് തീരുമാനമെടുത്ത നഗരസഭ കൗൺസിൽ തീരുമാനപ്രകാരം സർക്കാർ പി.ഡബ്ലിയു.ഡി നിരക്കനുസരിച്ച് പാലം തുറന്നു കൊടുക്കുന്നതുമുതൽ ടോൾ ഈടാക്കുന്നതിന് തീരുമാനിക്കുന്നു. സൈക്കിൾ, മോട്ടോർ ഘടിപ്പിച്ചിട്ടുള്ള ഇരുചക്രവാഹനങ്ങൾ, ഓട്ടോറിക്ഷ എന്നിവയെ ടോളിൽ നിന്നും ഒഴിവാക്കുന്നതിനും തീരുമാനിക്കുന്നു.

ഹോർഡിംഗ് ഫീ

സ്വകാര്യഭൂമിയിൽ നിലവിലുള്ള ഹോർഡിംഗുകളുടെ ലൈസൻസ് ഫീസ് പുതുക്കുന്നതിന് സ്ക്വയർ മീറ്ററിന് 500 രൂപയും പുതുതായി ഹോർഡിംഗുകൾ വയ്ക്കുന്നതിന് സ്ക്വയർ മീറ്ററിന് 1000 രൂപയും നിശ്ചയിക്കുന്നു.

കെട്ടിടങ്ങൾക്ക് മുകളിൽ സ്ഥാപച്ചിട്ടുള്ള ഹോർഡിംസുകൾക്ക് കെട്ടിട നിർമ്മാണ ചട്ട പ്രകാരം അസ്സസ്മെന്റ് നടത്തി നികുതി ഈടാക്കുന്നതിന് തീരുമാനിക്കുന്നു. കൊച്ചി നഗരസഭ കൗൺസിൽ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ ലംഘിച്ച് സ്ഥാപിച്ചിട്ടുള്ള ഹോർഡിങ്ങുകളും നീക്കംചെയ്യുന്നതാണ്.

ഇന്റർ നാഷണൽ റിലേഷൻ

കൊച്ചി അന്താരാഷ്ട്ര ശ്രദ്ധ നേടിവളരുകയാണ്. ലോകത്തിന്റെ നാനാഭാഗങ്ങളിൽ നിന്നും വിദേശികൾ ദൈവത്തിന്റെ സ്വന്തം നാടായ കൊച്ചിയെ തേടിയെത്തുന്നു. കൊച്ചി ഭരണാധികാരികൾക്കും ഇടയ്ക്കിടെ വിദേശരാജ്യങ്ങൾ സന്ദർശിക്കാനും പഠിക്കാനും അവസരം ലഭിക്കുന്നു. ലോകത്തിലെ പ്രധാന നഗരങ്ങളുമായി ബന്ധം സ്ഥാപിക്കുന്നതിനും നഗരപഠനങ്ങൾക്കും പരസ്പര സഹായത്തിനും ആവശ്യമായ ഇന്റർനാഷണൽ റിലേഷൻ ഡിപ്പാർട്ടുമെന്റ് ഒരു ഉദ്യോഗസ്ഥന്റെ ചുമതലയിൽ രൂപീകരിക്കും.

കൊച്ചിയിലെ ഉദ്യോഗസ്ഥന്മാർക്കും ജനപ്രതിനിധികൾക്കും മറ്റ് നഗരങ്ങളിലേക്ക് പഠനയാത്രകൾ നടത്തുന്നതിന് സുസ്ഥിര നഗരവികസന പദ്ധതി, ജെ.എൻ.യു.ആർ.എം. പദ്ധതി എന്നിവ നടപ്പിലാക്കുന്ന പ്രത്യേക സാഹചര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. ഇതിനായി ബജറ്റിൽ 1,25,000 രൂപ വകകൊള്ളിക്കുന്നു.

ടൗൺ ഹാളുകൾ

കൊച്ചിയുടെ ഹൃദയഭാഗത്ത് സ്ഥിതി ചെയ്യുന്ന എറണാകുളം ടൗൺഹാൾ, ഇ.എം .എസ്. മെമ്മോറിയൽ ടൗൺഹാൾ, മട്ടാഞ്ചേരി ടൗൺഹാൾ തുടങ്ങിയവയുൾപ്പെടെ നഗരസഭയുടെ നിയന്ത്രണത്തിലുള്ള മറ്റു കമ്മ്യൂണിറ്റി ഹാളുകൾ എന്നിവയുടെ സംരക്ഷണത്തിനും മെയിന്റനൻസിനും സെക്യൂരിറ്റിക്കാരുടെ ശമ്പളം, ക്ലീനിംഗ് എന്നിവക്കു വേണ്ടി ചിലവാക്കുന്ന പണംപോലും നഗരസഭയ്ക്ക് ഇന്ന് ഹാളുകളിൽ നിന്നും വാടകയിനത്തിൽ ലഭിക്കുന്നില്ല. മറ്റു സ്വകാര്യ ഹാളുകളുടെ വാടക നഗരസഭാ ഹാളുകളുടേതിനേക്കാൾ നിരവധി മടങ്ങ് ഇരട്ടിയാണ്. നഗരസഭ ജനങ്ങളുടെ ആവശ്യങ്ങൾക്ക് സേവനം എന്ന നിലയ്ക്കാണ് കമ്മ്യൂണിറ്റി ഹാളുകളും ടൗൺഹാളുകളും നടത്തുന്നതെങ്കിലും നികുതി വരുമാനം മാത്രം ഉപയോഗിച്ച് ഇത്തരം സ്ഥാപനങ്ങൾ നടത്തിക്കൊണ്ടുപോകാൻ കഴിയില്ല. പ്രധാനപ്പെട്ട എല്ലാ ഹാളുകളുടേയും വാടക സ്വകാര്യ സ്ഥാപനങ്ങൾ നടത്തുന്ന ഹാളുകളുടെ വാടകയേക്കാൾ കുറഞ്ഞനിരക്കിലാണെങ്കിലും നിലവിലുള്ള വാടക ഉയർത്തി ക്രമീകരിക്കുന്നതിന് നിശ്ചയിക്കുന്നു. ഇവയുടെ നടത്തിപ്പ് സംബന്ധിച്ച് അംഗങ്ങളുടെ വിലയേറിയ അഭിപ്രായങ്ങൾ ക്ഷണിക്കുന്നു.

മോഡേൺ ടൗൺ പ്ലാനിംഗ് ഡിപ്പാർട്ടുമെന്റ്

കച്ചേരിപ്പടിയിലെ നഗരസഭ കെട്ടിടത്തിൽ റഫറൻസിനായി ലൈബ്രറി ഇന്റർനെറ്റ് ഉൾപ്പെടെ ആധുനിക ലൈബ്രറി സാങ്കേതിക പരിജ്ഞാനം പരമാവധി പ്രയോജനപ്പെടുത്തി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. എഞ്ചിനീയറിംഗ് വിദ്യാർത്ഥികളുൾപ്പെടെ നൂറുകണക്കിനാളുകൾ റഫറൻസിനായി നഗരസഭയുടെ പഠനകേന്ദ്രത്തെ പ്രയോജപ്പെടുത്തിപ്പോരുന്നു. എന്നാൽ ഇതിന് നേതൃത്വം കൊടുക്കുന്ന ടൗൺപ്ലാനിംഗ് ഡിപ്പാർട്ടുമെന്റിൽ യാതൊരുവിധ സൗകര്യങ്ങളും ഇന്നില്ല. ഇൻഡ്യയിൽ ലഭ്യമാക്കാവുന്ന ഏറ്റവും ഉയർന്ന നിലവാരമുള്ള ആധുനിക സാങ്കേതികമികവോടെ കൊച്ചി നഗരസഭയിൽ മോഡേൺ ടൗൺ പ്ലാനിംഗ് ഡിപ്പാർട്ടുമെന്റ് ഈ സാമ്പത്തിക വർഷത്തിൽ രൂപീകരിക്കും. ഇതിനായി ബഡ്ജറ്റിൽ 10 ലക്ഷം രൂപ വകയിരുത്തുന്നു.

ലാന്റ് അക്വിസിഷൻ

കൊച്ചി പോലൊരു നഗരത്തിൽ നിരവധിയായ വികസന പ്രവർത്തനങ്ങൾക്കായി പൊന്നുംവിലയ്ക്ക് സിഥലം ഏറ്റെടുക്കേണ്ടിവരും. പൊന്നുംവില നടപടികളുടെ സ്വാഭാവികമായ കാലതാമസവും കോടതി സ്റ്റേയും ഒഴിവാക്കി വളരെ വേഗത്തിൽ അക്വിസിഷൻ നടപടികൾ പൂർത്തീകരിക്കുന്നതിന് അർജൻസി ക്ലോസ് ഉൾപ്പെടുത്തി നടപടികൾ സ്വീകരിക്കാൻ കഴിയും. ഇതിന് ഇന്ന് സർക്കാരിനാണ് അധികാരം. അർജൻസി ക്ലോസ് പ്രകാരം ലാന്റ് അക്വിസിഷൻ നടത്തുന്നതിന് നഗരസഭയ്ക്ക് അനുമതി നൽകണമെന്ന് സംസ്ഥാന സർക്കാരിനോടഭ്യർത്ഥിക്കുന്നു.

ആഫീസ് കംപ്യൂട്ടറൈസേഷൻ

1998 മുതൽ കൊച്ചി നഗരസഭ ഓഫീസ് കംപ്യൂട്ടറൈസേഷൻ നടത്തുന്നതിന് ചർച്ചകൾ നടത്തിപ്പോരുകയാണ്. അതേ കാലയളവിൽ കംപ്യൂട്ടറൈസേഷന്റെ ചുമതല കെൽട്രോണിനെ ഏൽപ്പിക്കുകയുണ്ടായി. 2001 വരെ യാതൊരു മുന്നേറ്റവും ഈ രംഗത്തുണ്ടാക്കാൻ കഴിഞ്ഞില്ല. 2001 ൽ ഗവൺമെന്റ് ഇൻഫർമേഷൻ കേരള മിഷനെ ചുമതലയേൽപ്പിച്ചു. 2002 ഡിസബർ 31 നകം കൊച്ചിയിൽ കംപ്യൂട്ടറൈസേഷൻ പൂർത്തീകരിക്കുമെന്ന ഉറപ്പ് ബഹു മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ നടത്തിയ ചർച്ചയിൽ നൽകപ്പെട്ടു. പിന്നീട് തുടർച്ചയായി പ്രതിമാസം നഗരസഭാ തലത്തിലും മൂന്നു ദിവസത്തിലൊരിക്കൽ മന്ത്രി തലത്തിലും റിവ്യു നടത്തിപ്പോന്നെങ്കിലും ഇതുവരെ കാര്യമായ പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. പരാതികൾ നിലനിൽക്കുന്നുണ്ടെങ്കിലും പെ റോൾ ഇതിനകം കംപ്യൂട്ടറൈസ് ചെയ്തു കഴിഞ്ഞു. ബർത്ത് & ഡെത്ത് രജിസ്ട്രേഷനും സർട്ടിഫിക്കറ്റ് വിതരണവും പൂർണ്ണമായും കംപ്യൂട്ടറൈസ് ചെയ്യാൻ കഴിഞ്ഞു. നേവി, പോർട്ട് ആശുപത്രികളിലും ഇന്ദിരാഗാന്ധി കോ-ഓപ്പറേറ്റീവ് ആശുപത്രി, സറഫ് ഹോസ്പിറ്റൽ എന്നീ നാല് ആശുപത്രികളിലൊഴികെ നഗരസഭാ അതിർത്തിക്കകത്തുള്ള മുഴുവൻ ആശുപത്രികളിലും ''ഹോസ്പിറ്റൽ കിയോസ്ക്'' സ്ഥാപിക്കാൻ കഴിഞ്ഞെന്നത് അഭിമാനകരമായ നേട്ടമാണ്. റവന്യൂ, ഹെൽത്ത് വിഭാഗങ്ങളിലെ കംപ്യൂട്ടറൈസേഷൻ നടന്നുകൊണ്ടിരിക്കുന്നു. കാലം ആവശ്യപ്പെടുന്ന വേഗതയിലും കുറ്റമറ്റ രീതി

യിലും അടിയന്തിര പ്രാധാന്യത്തോടെ കംപ്യൂട്ടറൈസേഷൻ പൂർത്തീകരിക്കുന്നതിനും ജി യോഗ്രാഫിക്കൽ ഇൻസ്റ്റിറ്റ്യൂഷണൽ സ്റ്റഡിയുടെ അടിസ്ഥാനത്തിൽ ജി.ഐ.എസ് മാപ്പ് തയ്യാറാക്കി നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിനും അനധികൃത നിർമ്മാണം, ഒമിഷൻ എന്നിവ കണ്ടെത്തി ക്രമവൽക്കരിക്കുന്നതിനും ജനങ്ങൾക്ക് വേഗതയിൽ കാര്യക്ഷമമായ സേവനം ഉറപ്പു നൽകുന്നതിനും ആഫീസ് ഓട്ടോമേഷൻ എത്രയും വേഗത്തിൽ പൂർത്തീ കരിക്കണം. ഇതിനായി സർക്കാർ അനുമതിയോടെ സ്വകാര്യ ഏജൻസിയെ കംപ്യൂ ട്ടറൈസേഷന്റെ ചുമതല ഏൽപ്പിക്കുന്നതിന് തീരുമാനിക്കുന്നു.

പെർമനന്റ് നമ്പർ & സെക്റ്റർ മാപ്പിങ്ങ്

ഓരോ അഞ്ചു വർഷത്തിലും നടക്കുന്ന തെരഞ്ഞെടുപ്പുകൾക്ക് വേണ്ടി വാർഡുകൾ പുനർ നിർണ്ണയിക്കുകയും വാർഡ് നമ്പറുകൾ മാറികൊണ്ടിരിക്കുകയും ചെയ്യും. ഇപ്പോഴും നഗരസഭ റവന്യൂ വിഭാഗത്തിൽ അസസ്മെന്റ് നടത്തുന്നതും നികതുി പിരിക്കുന്നതും 1988 ലെ 50 ഡിവിഷൻ നമ്പറുകളുടെ അടിസ്ഥാനത്തിലാണ്. എഞ്ചിനീയറിംങ്ങ് ജോലികളും ടൗ ൺ പ്ലാനിങ്ങ് ജോലികളും ഒരു സോണിലും, റവന്യൂ മറ്റൊരു സോണിലുമായിട്ടുള്ള വിചി ത്രമായ രീതി നിലനിൽക്കുന്നു. ഇത് പൊതുജനങ്ങൾക്ക് വലിയ പ്രയാസങ്ങൾ സൃഷ്ടിച്ചു കൊണ്ടേയിരിക്കുന്നു. ഇതിന് പരിഹാരമായി നഗരത്തെ സെക്റ്ററുകളായി തിരിച്ച് പെർമനന്റ് നമ്പറിങ്ങ് സമ്പ്രദായം ഏർപ്പെടുത്തുന്നതിന് തീരുമാനിക്കുന്നു. സാങ്കേതിക പരിജ്ഞാനമു ള്ള ഏജൻസിയെ ഏൽപ്പിച്ച് ഈ സാമ്പത്തിക വർഷത്തിൽ പ്രവൃത്തി പൂർത്തീകരിക്കും. ടൗ ൺ പ്ലാനിങ്ങ് ആഫീസറേയും, റവന്യൂ ആഫീസറേയും ഇതിനായി ചുമതലപ്പെടുത്തുന്നു. 25 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തുന്നു.

ഹെൽത്ത് & സാനിറ്റേഷൻ

കൊച്ചി നഗരസഭയുടെ കീഴിൽ വരുന്ന താലൂക്ക് ആശുപത്രിയും പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലും നഗരസഭയുടെ ചുമതലയിലുള്ള മറ്റ് അലോപ്പതി, ആയുർവേദം, ഹോമിയോ പ്പതി ആശുപത്രികൾ മാതൃശിശു സംരക്ഷണകേന്ദ്രങ്ങൾ എന്നിവ കാര്യക്ഷമമാക്കി ദരിദ്ര ജനവിഭാഗങ്ങളുടെ ആരോഗ്യ' പരിരക്ഷ ഉറപ്പു വരുത്തുന്നതിന് നിലവിലുള്ള ഹെൽത്ത് ഡി പ്പാർട്ടുമെന്റിന്റെ പ്രവർത്തനം അപര്യാപ്തമാണ്. സോളിഡ് വേസ്റ്റ് മാനേജ്മെന്റ്, സാനി റ്റേഷൻ, ശുചീകരണം, ഡി & ഒ ലൈസൻസ് എന്നീ വിഷയങ്ങളിലാണ് ആരോഗ്യ വിഭാഗം കൂടുതൽ ശ്രദ്ധിച്ചുപോരുന്നത്. ഇതിന് ഘടനാപരമായ മാറ്റം ഉണ്ടാകണം. സാനിറ്റേഷൻ, ശു ചീകരണം, സോളിഡ് വേയ്സ്റ്റ് മാനേജ്മെന്റ് എന്നിവയുടെ ചുമതല ഒരു എൻവയറോൺ മെന്റർ എഞ്ചിനീയറുടെ നേതൃത്വത്തിലുള്ള എഞ്ചിനീയറിംഗ് ടീമിനായിരിക്കണം. ഇതിനാ വശ്യമായ തീരുമാനമെടുത്ത് നടപ്പിലാക്കണമെന്ന് സംസ്ഥാനസർക്കാരിനോടഭ്യർത്ഥിക്കുന്നു

നഗരസഭയുടെ നിയന്ത്രണത്തിലുള്ള ആശുപത്രികളിൽ ആധുനിക ചികിത്സക്കാവശ്യ മുള്ള ഉപകരണങ്ങളിലെ പോരായ്മകൾ പരിഹരിക്കും. ആശുപത്രികൾ നവീകരിക്കും. നഗരസഭയുടെ നിയന്ത്രണത്തിലുള്ള ആശുപത്രികളുടെ പരിസരം വൃത്തിയായി സംരക്ഷി ക്കുന്നതിനും ലാന്റ് സ്കേപ്പിങ്ങ് നടത്തി ഔഷധ ചെടികൾ വച്ചു പിടിപ്പിക്കുന്നതിനും

നടപടികൾ സ്വീകരിക്കും. മരുന്ന് ആവശ്യത്തിന് ലഭിക്കുന്നതിനും, ഡോക്ടർമാരുടേയും ജീവനക്കാരുടേയും ഒഴിവ് നികത്തുന്നതിനും സർക്കാരിൽ സമ്മർദ്ദം ചെലുത്തും.

പകർച്ച വ്യാധികൾ വരാതിരിക്കുന്നതിനും, ആകസ്മികമായിട്ടുണ്ടാകുന്ന രോഗങ്ങൾ പടർന്നു പിടിക്കാതിരിക്കുന്നതിനും പ്രതിരോധ മരുന്ന് വിതരണം ചെയ്യുന്നതിനും മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനും ആവശ്യമായ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുന്നതിനും തീരുമാനിക്കുന്നു. നഗരസഭ മികച്ച നിലയിൽ കരാർ അടിസ്ഥാനത്തിൽ നടത്തിപോരുന്ന 6 ഹോമിയോ ഡിസ്പെൻസറികൾക്കു പുറമേ ആറു ഹോമിയോ ഡിസ്പെൻസറികൾ കൂടി ആരംഭിക്കുന്നതിന് തീരുമാനിക്കുന്നു.

നികുതി – ശമ്പളം ബാങ്ക് വഴി

കൊച്ചി നഗരസഭയിൽ അടക്കേണ്ട പ്രോപ്പർട്ടി ടാക്സ്, പ്രൊഫഷണൽ ടാക്സ്, ഡി ആന്റ് ഒ ലൈസൻസ് എന്നിവ ബാങ്ക് വഴി അടയ്ക്കുന്നതിനും, ശമ്പളം, പെൻഷൻ എന്നിവ ബാങ്ക് വഴി കൊടുക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. ഈ സാമ്പത്തിക വർഷത്തിന്റെ ആദ്യ അർദ്ധവർഷത്തിൽ ഇത് നടപ്പിലാക്കുന്നതാണ്.

നഗരവികസനത്തിന് ബോണ്ട് ഇഷ്യൂ ചെയ്ത് ഫണ്ട് സ്വരൂപിക്കും.

ജവഹർലാൽ നെഹ്റു ദേശീയ നഗരനവീകരണ മിഷൻ പദ്ധതി നിർദ്ദേശങ്ങളും, സുസ്ഥിര നഗര വികസനപദ്ധതികളും ഉൾപ്പെടെ കാലഘട്ടത്തിന്റെ വെല്ലുവിളി നേരിടുന്നതിന് ഒട്ടേറെ വൻകിട വികസന പദ്ധതികൾ ഏറ്റെടുത്തം നടപ്പിലാക്കേണ്ടി വരും. ലാന്റ് അക്വിസിഷന് ജെ.എൻ.എൻ.യു.ആർ.എം., സുസ്ഥിര നഗര വികസന പദ്ധതി തുടങ്ങിയ ഏജൻസികളിൽ നിന്ന് ഫണ്ട് ലഭിക്കുകയില്ല. അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്തും നടപ്പിലാക്കുന്നതിനും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും ജനപങ്കാളിത്തത്തോടെ ആവശ്യമായ ഫണ്ട് സംഭരിക്കുന്നതിന് നഗരസഭ ബോണ്ട് ഇറക്കുന്നതിന് തീരുമാനിക്കുന്നു. സംസ്ഥാന ഗവൺമെന്റ് അനുമതിയോടെയും – മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായും ഏറ്റെടുക്കുന്ന നൂതനമായ ഈ പദ്ധതിക്കാവശ്യമായ പ്രവർത്തനങ്ങൾ ഈ സാമ്പത്തിക വർഷത്തിൽ തുടങ്ങി വയ്ക്കും.

ദാരിദ്ര്യനിർമ്മാർജ്ജനം – ചേരിപരിഷ്കരണം

മറ്റു പ്രദേശങ്ങളിൽ നിന്നും വ്യത്യസ്ഥമായി കൊച്ചി നഗരത്തിലെ ദരിദ്രജനവിഭാഗങ്ങൾ നഗരത്തിലാകെ ചിതറി താമസിച്ചു വരുന്നവരാണ്. ഇതിനു പുറമെ സംസ്ഥാന ടൗൺപ്ലാനിംഗ് വിഭാഗം അംഗീകരിച്ച് വിജ്ഞാപനം ചെയ്തിട്ടുള്ള 285 ചേരികളും നഗരത്തിലുണ്ട്. കേരളത്തിന് പുറത്ത് നിന്നും തൊഴിൽ തേടിയെത്തുന്ന പതിനായിരക്കണക്കായ മൈഗ്രേറ്റഡ് ലേബേഴ്സ് അടക്കമുള്ള ജനവിഭാഗം വേറെയുമുണ്ട്. അങ്ങേയറ്റം പരിതാപകരമായ സാഹചര്യങ്ങളിൽ ജീവിക്കുന്ന ജനങ്ങൾ മട്ടാഞ്ചേരി ഫോർട്ടുകൊച്ചി, വാത്തുരുത്തി പ്രദേശങ്ങളിലെ ചേരികളിലാണ് അധിവസിക്കുന്നത്. ദാരിദ്ര്യനിർമ്മാർജ്ജനത്തിനും ചേരി നിവാരണ പ്രവർത്തനങ്ങൾക്കും കോടിക്കണക്കിന് രൂപ ഓരോ വർഷവും നഗരസഭ ചിലവിടുന്നുണ്ടെങ്കിലും ഭൂമിയുടെ ഉടമസ്ഥാവകാശം താമസക്കാർക്കോ നഗരസഭയ്ക്കോ

സർക്കാരിനോ ഇല്ലാത്ത സ്ഥലങ്ങളിലെ താമസക്കാരായ ജനങ്ങളാണ് പ്രയാസം അനുഭവിക്കുന്നത്. സ്ഥലത്തിന്റെ ഉടമസ്ഥാവകാശം ലഭ്യമായാൽ അത്തരം സ്ഥലങ്ങളിലൊക്കെ മൾട്ടി സ്റ്റോറീഡ് ബിൽഡിംഗുകൾ പണിത് ഇവരെ പുനരധിവസിപ്പിക്കാൻ കഴിയും. ഇതിനാവശ്യമായ പദ്ധതി സി.ഡി.പിയിൽ അംഗീകരിച്ചിട്ടുള്ളതാണ്. തർക്കങ്ങളില്ലാത്ത കോളനിയിൽ താമസിക്കുന്നവരെ കൂടുതൽ സൗകര്യങ്ങളോടെ ബഹുനില മന്ദിരങ്ങൾ നിർമ്മിച്ച് പുനരധിവസിപ്പിക്കുന്നതിന് ബഡ്ജറ്റിൽ 375 ലക്ഷം രൂപ വകയിരുത്തുന്നു. 780 പേർക്ക് വ്യക്തിഗത വീടുകൾ നൽകുന്നതിന് 1040.5 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. നഗരസഭയുടെ പള്ളുരുത്തിയിൽ പ്രവർത്തിച്ചുപോരുന്ന അഗതിമന്ദിരം ഇടക്കൊച്ചിയിൽ ആധുനീക സൗകര്യങ്ങളോടെ പുനർനിർമ്മിക്കുന്നതിന് 325.7 ലക്ഷം രൂപ നീക്കി വയ്ക്കുന്നു. സുവർണ്ണ ജയന്തി റോസ്കാർയോജന പദ്ധതി പ്രകാരം സ്വയം തൊഴിൽ ചെയ്യുന്നതിന് വ്യക്തഗത വായ്പയും, ഡി.ഡബ്ലിയു.സി.യു.എ ഗ്രൂപ്പ് സംരംഭങ്ങൾക്കുള്ള വായ്പയും സബ്സിഡിയും നൽകി വരുന്നത് കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കും. സംരംഭകർക്ക് ആവശ്യമായ പരിശീലനം നൽകും. തൊഴിൽ കേന്ദ്രങ്ങളും വിപണന കേന്ദ്രങ്ങളും നിർമ്മിക്കുന്നതാണ്. നഗര ദരിദ്രരുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് എംപ്ലോയ്മെന്റ് ഗൈഡൻസ് സെന്ററിൽ പേര് രജിസ്ട്രർ ചെയ്യുന്നവർക്ക് പ്രത്യേക പരിശീലനവും തൊഴിലും നൽകുന്നതിന് വിവിധ ഏജൻസികളുടെ സഹകരണം തേടും. കുസാറ്റ്, ഇൻഫോ പാർക്ക്, സെസ്സ്, സ്വിഫ്റ്റ്, സി.എം.എഫ്.ആർ.ഐ., വാട്ടർ അതോറിറ്റി തുടങ്ങി പൊതുമേഖലയിലും സ്വകാര്യമേഖലയിലും ഉള്ള സ്ഥാപനങ്ങളുടെ സഹകരണത്തോടെ തൊഴിൽ കണ്ടെത്താൻ പരിശ്രമിക്കും.

എൻ.എസ്.ഡി.പി. വാംമ്പേപദ്ധതികളും – 11–ാം പദ്ധതിയിലെ ജനകീയ ആസൂത്രണ പദ്ധതിയും, ജെ.എൻ.എൻ.യു.ആർ.എം. പദ്ധതിയുമായി സംയോജിപ്പിച്ച് എല്ലാവർക്കും വീട് എന്ന ഇ.എം.എസ് ഭവന പദ്ധതി നടപ്പിലാക്കും.

ചേരികളിൽ കുടിവെള്ളം, പൊതുസൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്തും.

രാമേശ്വരം കോളനിയിൽ കമ്യൂണിറ്റിഹാളും – അങ്കണവാടിയും നിർമ്മിക്കുന്നതിന് 20 ലക്ഷം രൂപ വകയിരുത്തുന്നു.

ഫിഷർമെൻ കോളനി, മുണ്ടംവേലി സാന്തോം കോളനി, കിസ്സാൻ കോളനി, പടിയാത്തുകുളം, വെണ്ണലപ്പാറ, 24 മുറി കോളനികൾ ഒന്നാം ഘട്ടത്തിൽ നവീകരിക്കും. ഈ സാമ്പത്തിക വർഷത്തിൽ തന്നെ മറ്റ് ചേരികളിൽ പുനരധിവാസം നടപ്പിലാക്കുന്ന നിർമ്മാണ ജോലികൾ ആരംഭിക്കും. ഒന്നാം ഘട്ടത്തിൽ 485 കുടുംബങ്ങളുടെ പുനരധിവാസം ഉറപ്പാക്കുന്നതാണ്.

ഒന്നാംഘട്ടം വേലകൾക്കാകെ 26.64 കോടി രൂപ ബഡ്ജറ്റിൽ നീക്കി വയ്ക്കുന്നു.

പഠനക്യാമ്പുകൾ, കൗൺസിലിങ്ങുകൾ

കൗമാരക്കാരായ പെൺകുട്ടികൾക്കു വേണ്ടി കൗൺസിലിംഗ് സംഘടിപ്പിക്കും. സ്ത്രീകളെ ബാധിക്കുന്ന വിവിധ വിഷയങ്ങളെ അധികരിച്ച് ശില്പശാലകളും പഠന പരിപാടികളും സംഘടിപ്പിക്കും. ഇതിലേക്ക് വിവിധ എൻ.ജി.ഒ. സംഘടനകളെ സഹകരിപ്പിക്കും.

ഡിവിഷൻ വികസനം

പോയവർഷം ഡിവിഷൻതലങ്ങളിൽ നടത്തിയ പ്രവർത്തന ബാഹുല്യത്തിലൂടെ ജനാഭിലാഷം പൂർത്തീകരിക്കാനുള്ള തുടക്കം കുറിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. ഡിവിഷനിലെ ജനങ്ങളുടെ ആഗ്രഹത്തിനൊത്ത് വാർഡ് കമ്മറ്റികളുടെ തീരുമാനത്തിനും പ്രയോർട്ടിക്കും വിധേയമായി വികസന പ്രവർത്തനം നടത്തുന്നതിന് സാമ്പത്തിക പ്രയാസങ്ങളുണ്ടെങ്കിലും കഴിഞ്ഞ വർഷം അനുവദിച്ചതുപോലെ 20 ലക്ഷം രൂപ വീതം ഈ സാമ്പത്തിക വർഷത്തിലും അനുവദിക്കുന്നു.

മുൻബാക്കി 120197210 രൂപയും തന്നാണ്ട് വരവ് 1159361267 രൂപയും ഉൾപ്പെടെ ആകെ വരവ് 1279558477 രൂപയും ചിലവ് 1164254679 രൂപയും ബാക്കി 115303798 രൂപയുമുള്ള 2006–2007 ലെ പുതുക്കിയ ബഡ്ജറ്റും തുടർന്ന് മുൻബാക്കി 115303798 രൂപയും വരവ് 5662068500 രൂപയും ഉൾപ്പെടെ ആകെ വരവ് 5777372298 രൂപയും. ചിലവ് 5645079750 രൂപയും ബാക്കി 132292548 രൂപയുമുള്ള 2007–2008 ലെ ബജറ്റ് എസ്റ്റിമേറ്റ് നഗരസഭ മുമ്പാകെ സമർപ്പിക്കുന്നു.

ഉപസംഹാരം

ഖരമാലിന്യ സംസ്ക്കരണം, കൊതുകുനിവാരണം, വെള്ളക്കെട്ടിനുപരിഹാരം സിവറേജ് സിസ്റ്റം, ഗതാഗതപ്രശ്നങ്ങൾക്ക് പരിഹാരം, ചേരി പരിഷ്ക്കരണം, ദാരിദ്ര്യലഘൂകരണം, പാർപ്പിട സൗകര്യം ഏർപ്പെടുത്തൽ, ടൂറിസ്സം സാധ്യതകൾ വിനിയോഗിക്കൽ, പരിസ്ഥിതി സംരക്ഷണം, പൈതൃക സംരക്ഷണം, തുടങ്ങി കൊച്ചിയുടെ പരിഹാരമാകാതിരുന്ന പ്രശ്നങ്ങൾക്ക് സ്ഥിരവും ശാശ്വതവുമായ ശാസ്ത്രീയ പരിഹാരം കാണുന്നതിന് ജവഹർലാൽ നെഹ്റു ദേശീയ നഗരവനീകരണപദ്ധതിയിൽ നിന്നും കൊച്ചി നഗരത്തിന് ഇതിനകം 31583 കോടി രൂപ അനുവദിച്ചുകഴിഞ്ഞു. 2007–08 സാമ്പത്തിക വർഷത്തിലേക്കുള്ള നഗരത്തിന്റെ സമസ്ത മേഖലകളുമായി ബന്ധപ്പെട്ട് സി.ഡി.പി.യിൽ ഉൾപ്പെടുത്തപ്പെട്ടിട്ടുള്ള പദ്ധതികളുടെ ഡീറ്റെയിൽസ് പ്രൊജക്ട് തയ്യാറാക്കിവരുന്നു. ഇതിനാകെ പുതിയ സാമ്പത്തിക വർഷത്തിൽ സംസ്ഥാന ഗവൺമെന്റിന്റേയും കേന്ദ്രഗവൺമെന്റിന്റേയും അംഗീകാരം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഇതിനു പുറമെ സുസ്ഥിര നഗരവികസന പദ്ധതിയിൽ കൊച്ചിക്ക് അനുവദിച്ചിട്ടുള്ള 55 കോടി രൂപ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങളും ഈ സാമ്പത്തിക വർഷത്തിൽ തുടങ്ങാനാകും. ജെ.എൻ.എൻ.യു.ആർ.എം. പദ്ധതി അടങ്കലിന്റെ സംസ്ഥാന വിഹിതമായി കേരളഗവൺമെന്റ് ബജറ്റിൽ 196 കോടി രൂപ ഇതിനകം അനുവദിച്ചു കഴിഞ്ഞു. നഗരസഭാവിഹിതമായ 20% തുക നാം അധിക വിഭവസമാഹരണത്തിലൂടെ കണ്ടെത്തിയേ തീരൂ. അറ്റന്റർമാർ മുതൽ നഗരസഭ സെക്രട്ടറി വരെയുള്ള മുഴുവൻ നഗരസഭാ ഉദ്യോഗസ്ഥരും, കണ്ടിജന്റ് വിഭാഗം ജീവനക്കാരും കൗൺസിലംഗങ്ങൾക്കൊപ്പം അങ്ങേയറ്റത്തെ ആത്മാർത്ഥതയോടെ കാര്യക്ഷമതയോടും പ്രവർത്തിച്ചെങ്കിൽ മാത്രമേ പുതിയ പദ്ധതികൾ യാഥാർത്ഥ്യമാക്കാൻ കഴിയൂ. കൊച്ചി നഗരവാസികളുടേയും നഗരത്തിന്റെ പശ്ചാത്തല സൗകര്യം പ്രയോജനപ്പെടുത്തി നടന്നുവരുന്ന സ്ഥാപനങ്ങളുടേയും, വിവിധ ഏജൻസികളുടേയും, മാധ്യമങ്ങളടേയും നിർലോഭമായ സഹായവും സഹകരണങ്ങളും ഗുണപരമായ

ഇടപെടലുകളും പ്രതീക്ഷിച്ചുകൊണ്ട് പുതിയ വരുമാനമാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനുള്ള ഫൈനാൻസ് കമ്മറ്റിയുടെ നിർദ്ദേശങ്ങൾ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

ബഹുമാന്യരായ അംഗങ്ങൾ നിന്നും നൽകിയിട്ടുള്ള പരമാവധി നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ള ഈ ബജറ്റ് മൂർത്തമായ നിർദ്ദേശങ്ങൾക്ക് ചർച്ചകൾക്കും അംഗീകാരത്തിനുമായി ബഹുമാനപ്പെട്ട സഭ മുമ്പാകെ സമർപ്പിക്കുന്നു.

ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്കുവേണ്ടി

സി.കെ. മണിശങ്കർ

ഡെപ്യൂട്ടി മേയർ